16
2024
ഫെബ്രുവരി
വെള്ളി
കുംഭം 3

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.131 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-131 പേജ് 4. വില 2.00 രൂപ




02 ടെക്നോളിമ്പിക്സിന് ടെക്നോപാർക്കിൽ തുടക്കമായി
03 ജനവാസ കേന്ദ്രത്തിൽ കടുവ ശല്യം: ഭീതിയിൽ സുരഭിക്കവല
04 'പോലീസിൻെറ അടിസ്ഥാന ശമ്പളം ഹോം ഗാർഡുകൾക്കും ലഭ്യമാക്കണം'

## വിഴിഞ്ഞം വികസനം; ത്രികക്ഷി കരാർ ഒപ്പുവയ്ക്കാൻ മന്ത്രിസഭാ തീരുമാനം



തിരുവനന്തപുരം : വിഴിഞ്ഞം തുറമുഖത്തിൻറെ വികസനത്തിന് കേന്ദ്ര സർക്കാർ അനുവദിച്ച 817.80 കോടി രൂപയുടെ വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമാകുന്നതിനുള്ള ത്രികക്ഷി കരാർ ഒപ്പുവയ്ക്കുന്നതിന് വ്യവസ്ഥകളോടെ അനുമതി നൽകാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. തുറമുഖ വികസനവും രണ്ടും മൂന്നും ഘട്ടങ്ങളുടെ പൂർത്തീകരണവും വേഗത്തിൽ സാധ്യമാകുന്നതിനുള്ള തീരുമാനങ്ങളെടുത്തു.

കൺസഷൻ കരാറിലെ വ്യവസ്ഥകൾ പ്രകാരം നിർമാണ കമ്പനിയായ അദാനി വിഴിഞ്ഞം പ്രൈവറ്റ് പോർട്ട് ലിമിറ്റഡ് (എവിപിപിഎൽ) 2019 ഡിസംബർ 3നാണ് പൂർത്തിയാക്കേണ്ടിയിരുന്നത്. എന്നാൽ, നിശ്ചിത സമയത്ത് നിർമാണം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഓഖി, പ്രളയം തുടങ്ങിയ 16 കാരണങ്ങൾ മൂലമാണ് പദ്ധതി നിശ്ചിത സമയത്ത് പൂർത്തിയാക്കാൻ കഴിയാത്തതെന്നും കാലാവധി നീട്ടി നൽകണമെന്നും അദാനി ഗ്രൂപ്പ് ആവശ്യപ്പെട്ടെങ്കിലും വിഴിഞ്ഞം ഇൻറർനാഷണൽ സീ പോർട്ട് ലിമിറ്റഡ് (വിഐഎസ്എൽ) നിരസിച്ചു. തുടർന്ന് ഇരുപക്ഷവും ആർബിട്രേഷൻ നടപടികൾ ആരംഭിച്ചു.

ആർബിട്രേഷൻ തുടരുന്നത് പദ്ധതിയെ അനന്തമായ വ്യവഹാരത്തിലേക്കു നയിക്കുമെന്നതും പദ്ധതി പൂർത്തീകരണത്തിനു വലിയ കാലതാമസമുണ്ടാകുമെന്നതും വയബിലിറ്റി ഗ്യാപ് ഫണ്ട് നഷ്ടമാകുമെന്നതും കണക്കിലെടുത്താണ് വ്യവസ്ഥകളോടെ നിർമാണപ്രവർത്തനം ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾക്കു മന്ത്രിസഭ അംഗീകാരം നൽകിയത്. 3854 കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ടാണ് എവിപിപിഎൽ ആർബിട്രേഷൻ ഹർജി നൽകിയിട്ടുള്ളത്. 911 കോടിയുടെ കൗണ്ടർ ക്ലെയിമാണ് വിഐഎസ്എൽ ഉന്നയിച്ചിരിക്കുന്നത്. ആർബിട്രേഷൻ നടപടികൾ പിൻവലിക്കുന്നതിന് ഇരുപക്ഷവും നടപടി സ്വീകരിക്കണമെന്നും മന്ത്രിസഭാ യോഗത്തിൽ തീരുമാനമായി.

## ഘണ്ടശാലയുടെ ഓർമ ദിവസം ഫെബ്രുവരി പതിനൊന്നിനാണ്

## ഘണ്ഡശാല: ഇന്ത്യൻ സംഗീതത്തിന്റെ മറ്റൊരു ചരിത്രം

**മോഹൻ ശ്രീശൈലം**



ഘണ്ഡശാല എന്ന ഘണ്ഡശാല വെങ്കിടേശ്വര റാവു 1922 ഡിസംബർ 4 നു ആന്ധ്രാപ്രദേശിലെ കൃഷ്ണജില്ലയിൽ ജനിച്ചു. നൂറിലധികം ചിത്രങ്ങൾക്ക് സംഗീതസംവിധാനം നിർവ്വഹിച്ച ഇദ്ദേഹം, അതിലേറേ ഗാനങ്ങൾ തെലുങ്ക്, തമിഴ്, മലയാളം, തുളു, ഹിന്ദി ഭാഷകളിൽ പാടി. സീതാരാമ ജനനം' എന്ന ചിത്രത്തിൽ കോറസ് പാടിയാണ് അഭിനയിച്ചാണ് സിനിമാഗാനരംഗത്തേക്ക് പ്രവേശനം. ആദ്യമായി സംഗീതം നൽകിയത് ' ലക്ഷമ്മ' എന്ന ചിത്രത്തിനു വേണ്ടിയാണെങ്കിലും ഒരു ചിത്രത്തിലെ എല്ലാ ഗാനത്തിനും സംഗീതം നൽകുന്നത് 'മനദേശം' എന്ന ചിത്രത്തിനാണ്. 'അമ്മ' എന്ന സിനിമയിലെ 'ഉടമയും എളിമയും' എന്ന ഗാനം പാടിയാണ് മലയാള സിനിമയിൽ അരങ്ങേറ്റം കുറിച്ചത്. 'ജീവിതനൗക', 'അമ്മ','ആത്മസഖി', ലോകനീതി"ആശാദീപം', 'നാട്യതാര' എന്നീ മലയാള ചിത്രങ്ങളിൽ ഘണ്ഡശാല ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്.

പത്മശ്രീ പുരസ്കാരം ലഭിച്ച ഘണ്ഡശാലയുടെ സ്മരണാർഥം ഒരു സ്റ്റാമ്പും പുറത്തിറക്കിയിട്ടുണ്ട്. തിരുമല തിരുപ്പതി ദേവസ്ഥാനത്തിന്റെ ആദ്യ ആസ്ഥാനഗായകനായിരുന്നു. 1942 ൽ ക്വിറ്റ് ഇൻഡ്യാ മൂവ്മെന്റിൽ പങ്കെടുത്ത് ആലിപ്പൂർ ജയിലിലടയ്ക്കപ്പെട്ടു. ജയിൽവാസത്തിനു ശേഷമാണ് ആകാശവാണിയിലും എച്ച്.എം.വി യിലുമായി നിരവധി ഗാനങ്ങൾ ആലപിക്കുന്നത്. 'സീതാരാമ ജനനം' എന്ന ചിത്രത്തിൽ കോറസ് പാടിയാണ് സിനിമാഗാനരംഗത്തേക്ക് പ്രവേശം. അതിൽ അഭിനയിക്കുകയും ചെയ്തു. പിന്നീട് 'ബാലരാജു', കീലുഗുറ് റം ' എന്നീ ചിത്രങ്ങളിലെ ഗാനങ്ങളോടെ പ്രശസ്തനായി. ഓരോ ചിത്രത്തിലെ നായകനു വേണ്ടിയും വ്യത്യസ്ത ആലാപന രീതികൾ സൃഷ്ടിച്ച് ഘണ്ഡശാല ശ്രോതാക്കളെ അൽഭുതപ്പെടുത്തി. നായകൻ തന്നെയാണ് പാടുന്നതെന്ന തോന്നൽ കാണികളെയും അൽഭുതപ്പെടുത്തി. ആദ്യമായി ഒരു ഗാനത്തിന് സംഗീതം നൽകിയ ചിത്രം 'ലക്ഷ്മമ്മ' യാണ്. എന്നാൽ ഒരു ചിത്രത്തിലെ മുഴുവൻ ഗാനങ്ങൾക്കും സംഗീതം നൽകുന്നത് 'മനദേശം' എന്ന ചിത്രത്തിനാണ്.എൻ റ്റി രാമറാവുവിന്റെ ആദ്യചിത്രം കൂടിയായിരുന്നു അത്. തുടർന്ന് 'മായാബസാർ ',ലവകുശ' തുടങ്ങി ഒട്ടനേകം ചിത്രങ്ങളിലൂടെ അദ്ദേഹം തന്റെ സംഗീതവും സ്വരവും ആസ്വാദകർക്കു സമർപ്പിച്ചു. അർബുദം ബാധിച്ച് ചികിത്സയിലായിരുന്ന അദ്ദേഹം 1974 ഫെബ്രുവരി 11ന് അമ്പത്തിയൊന്നാം വയസ്സിൽ മദിരാശിയിൽ വച്ച് അന്തരിച്ചു. സാവിത്രിയാണ് ഭാര്യ. നാലാണ്മക്കളും നാലു പെണ്മക്കളും

## ഇലക്ടറൽ ബോണ്ട് ഭരണഘടനാവിരുദ്ധം റദ്ദാക്കണമെന്ന് സുപ്രീം കോടതി



ന്യൂഡൽഹി : രാഷ്ട്രീയ പാർട്ടികൾക്കു സംഭാവന നൽകുന്നതുമായി ബന്ധപ്പെട്ട തിരഞ്ഞെടുപ്പു കടപ്പത്ര പദ്ധതി (ഇലക്ടറൽ ബോണ്ട്) കേസിൽ കേന്ദ്രസർക്കാരിന് കനത്ത തിരിച്ചടി. ഇലക്ടറൽ ബോണ്ടുകൾ റദ്ദാക്കണമെന്ന് സുപ്രീം കോടതി ഉത്തരവിട്ടു. പൗരന്റെ വിവരാവകാശത്തിന്റെ ലംഘനമാണ് ഇലക്ടറൽ ബോണ്ടുകളെന്ന സുപ്രധാന നിരീക്ഷണത്തോടെയാണ് സുപ്രീം കോടതിയുടെ വിധി. ഇലക്ടറൽ ബോണ്ട് സംഭാവന നൽകുന്നവരുടെ പേര് രഹസ്യമായി വയ്ക്കുന്നത് വിവരാവകാശ നിയമത്തിന്റെയും ഭരണഘടനയുടെ 19(1)(എ) വകുപ്പിന്റെയും ലംഘനമാണെന്ന് സുപ്രീം കോടതി ചൂണ്ടിക്കാട്ടി. ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്, ജഡ്ജിമാരായ സഞ്ജീവ് ഖന്ന, ബി.ആർ. ഗവായ്, ജെ.ബി. പർദിവാല, മനോജ് മിശ്ര എന്നിവർ അടങ്ങുന്ന അഞ്ചംഗ ഭരണഘടനാ ബെഞ്ചിന്റേതാണ് ഈ സുപ്രധാന വിധി.

എസ്ബിഐ പുറപ്പെടുവിക്കുന്ന ഇലക്ടറൽ ബോണ്ടുകൾ, വാങ്ങുന്നവരുടെ വിവരങ്ങളൊന്നും പുറത്തു വിടാതെ രാഷ്ട്രീയ പാർട്ടികൾ സംഭാവന സ്വീകരിക്കുന്ന സംവിധാനമാണിത്. രാഷ്ട്രീയ പാർട്ടികളുടെ ധനസമാഹരണത്തിന് ഏറ്റവും സുതാര്യമായ മാർഗമാണ് ഇലക്ടറൽ ബോണ്ട് പദ്ധതിയെന്നു വാദിക്കുന്ന കേന്ദ്ര സർക്കാരിന് കനത്ത തിരിച്ചടിയാണ് സുപ്രീം കോടതി വിധി. രാഷ്ട്രീയ പാർട്ടികൾക്ക് ഇലക്ടറൽ ബോണ്ടിലൂടെ ഇതുവരെ ലഭിച്ച സംഭാവനകളുടെ വിശദാംശങ്ങൾ തിരഞ്ഞെടുപ്പു കമ്മിഷനു നൽകാൻ എസ്ബിഐയ്ക്ക് കോടതി നിർദ്ദേശം നൽകി. അടുത്ത മാസം 31ന് അകം ഈ വിശദാംശങ്ങൾ പരസ്യപ്പെടുത്താൻ തിരഞ്ഞെടുപ്പു കമ്മിഷനോടും സുപ്രീം കോടതി നിർദ്ദേശിച്ചു. ഇലക്ടറൽ ബോണ്ടുകൾ നിർത്തിവയ്ക്കാനും സുപ്രീം കോടതി ഉത്തരവിട്ടു.

ജനങ്ങൾക്ക് രാഷ്ട്രീയ പാർട്ടികൾക്കു ലഭിക്കുന്ന സംഭാവനകളെക്കുറിച്ച് അറിയാനുള്ള അവകാശമുണ്ടെന്ന് കോടതി വ്യക്തമാക്കി. കള്ളപ്പണം തടയുന്നതിന് ഇലക്ടറൽ ബോണ്ടുകൾക്കു പുറമേ മറ്റു മാർഗങ്ങളും ഉണ്ട്. കള്ളപ്പണം തടയാൻ എന്ന പേരിൽ വിവരാവകാശം തടസപ്പെടുത്താൻ കഴിയില്ല. സംഭാവന നൽകുന്നവർക്ക് സർക്കാരിന്റെ നയപരമായ കാര്യങ്ങളിൽ സ്വാധീനം ഉണ്ടാകും എന്നും കോടതി നിരീക്ഷിച്ചു. കള്ളപ്പണം നിയന്ത്രിക്കാനുള്ള ഏക മാർഗം ഇലക്ടറൽ ബോണ്ടല്ലെന്നും ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച് ചൂണ്ടിക്കാട്ടി.

ഇലക്ടറൽ ബോണ്ടുകളുടെ നിയമസാധുത ചോദ്യം ചെയ്തുള്ള ഹർജികൾ പരിഗണിക്കുകയായിരുന്നു സുപ്രീംകോടതി. ഇലക്ടറൽ ബോണ്ടുകൾ ഉപയോഗിച്ചു രാഷ്ട്രീയ പാർട്ടികൾ പണം സ്വീകരിക്കുന്നതിനെതിരെ സിപിഎം, അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ് തുടങ്ങിയവരാണ് കോടതിയെ സമീപിച്ചത്. ഇലക്ടറൽ ബോണ്ടുകളുടെ രഹസ്യ സ്വഭാവം രാഷ്ട്രീയ ഫണ്ടിങ്ങിലെ സുതാര്യതയെ ബാധിക്കുകയും വോട്ടർമാരുടെ വിവരാവകാശം ലംഘിക്കുകയും ചെയ്യുന്നതായി പരാതിക്കാർ ചൂണ്ടിക്കാട്ടി.

2023 നവംബർ 2നു കേസ് പരിഗണിച്ച ബെഞ്ച് മൂന്നു ദിവസം നീണ്ട ഹിയറിങ്ങിനു ശേഷം വിധി പറയുന്നത് മാറ്റിവച്ചിരുന്നു. മാത്രമല്ല, വിധി പറയുന്നതിനു മുൻപ് 2023 സെപ്റ്റംബർ 30 വരെ ഇലക്ടറൽ ബോണ്ട് വഴി വ്യത്യസ്ത രാഷ്ട്രീയ പാർട്ടികൾക്കു ലഭിച്ച സംഭാവനകളുടെ വിവരങ്ങൾ ഹാജരാക്കണമെന്നും കോടതി തിരഞ്ഞെടുപ്പ് കമ്മിഷനു നിർദ്ദേശം നൽകിയിരുന്നു. അതേസമയം, സംഭാവനയുമായി ബന്ധപ്പെട്ടു കേന്ദ്രവും തിരഞ്ഞെടുപ്പ് കമ്മിഷനും നേരത്തേ കോടതിയിൽ വിരുദ്ധ നിലപാടുകൾ സ്വീകരിച്ചിരുന്നു. സംഭാവന നൽകുന്നവരുടെ സ്വകാര്യത മാനിക്കണമെന്നു കേന്ദ്രം വാദിച്ചു. എന്നാൽ സുതാര്യത ഉറപ്പുവരുത്താൻ പേരുകൾ വെളിപ്പെടുത്തണമെന്ന നിലപാടായിരുന്നു തിരഞ്ഞെടുപ്പ് കമ്മിഷനുണ്ടായിരുന്നത്.

2018 ജനുവരി 2 മുതലാണ് ഇലക്ടറൽ ബോണ്ടിലൂടെ സംഭാവന സ്വീകരിക്കാമെന്നു കേന്ദ്ര സർക്കാർ വിജ്ഞാപനം പുറത്തിറക്കിയത്. ഇന്ത്യൻ പൗരനോ ഇന്ത്യയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കോ ഇലക്ടറൽ ബോണ്ടുകൾ വാങ്ങാം. വ്യക്തികൾക്ക് ഒറ്റയ്ക്കോ സംഘമായോ വാങ്ങാനും സാധിക്കും.

## 'ഡിജി കേരളം' ക്യാമ്പയിൻ: സ്മാർട്ട് ഫോണുമായി കുടുംബശ്രീ 'ഡിജി കൂട്ടം' 18ന്

തിരുവനന്തപുരം : സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്ന ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനു സർക്കാർ നടപ്പാക്കുന്ന 'ഡിജി കേരളം' ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ കുടുംബശ്രീ അയൽക്കൂട്ടങ്ങളും 18ന് പ്രത്യേക യോഗം ചേരും. 'ഡിജി കൂട്ടം' എന്ന പേരിൽ സ്മാർട്ട് ഫോണുമായാണ് അന്ന് അംഗങ്ങൾ യോഗത്തിന് ചേരുന്നത്. പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിനും കൂടുതൽ പേരെ പദ്ധതിയുടെ ഭാഗമാക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പിൻറെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 18 വരെ സംഘടിപ്പിക്കുന്ന 'ഡിജി വാരാഘോഷ'ത്തിൻറെ ഭാഗമായാണ് കുടുംബശ്രീയുടെ കീഴിലുള്ള മൂന്നു ലക്ഷത്തിലേറെ അയൽക്കൂട്ടങ്ങളിലും പ്രത്യേക യോഗങ്ങൾ സംഘടിപ്പിക്കുന്നത്.

ഡിജി കേരളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ കുടുംബശ്രീ പ്രവർത്തകർ, എസ്.സി, എസ്.ടി പ്രൊമോട്ടർമാർ, തൊഴിലുറപ്പ് പദ്ധതി മേറ്റുമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് വീഡിയോ ട്യൂട്ടോറിയൽ വഴി പരിശീലനം നൽകി വിവരശേഖരണം നടത്താനും തുടർന്ന് പ്രത്യേക പരിശീലനം നൽകിയ ഡിജിറ്റൽ വൊളണ്ടിയർമാർ വഴി ഡിജിറ്റൽ സാക്ഷരതാ പ്രവർത്തനം നടത്താനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

18ന് ചേരുന്ന പ്രത്യേക അയൽക്കൂട്ടത്തിൽ തങ്ങളുടെ പരിധിയിൽ ഡിജിറ്റൽ സാക്ഷരത ആവശ്യമുള്ളവരുടെ പട്ടിക ഓരോ അയൽക്കൂട്ടവും തയ്യാറാക്കും.

## എസ്എഫ്ഐഒ അന്വേഷണം സ്റ്റേ ചെയ്യണമെന്ന് വീണ; എക്സാലോജിക് ഹർജിയിൽ വെള്ളിയാഴ്ച വിധി

ബെംഗളൂരു : എസ്എഫ്ഐഒ (സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫിസ്) അന്വേഷണം സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ട് കർണാടക ഹൈക്കോടതിയിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണയുടെ കമ്പനി എക്സാലോജിക് നൽകിയ ഹർജിയിൽ വെള്ളിയാഴ്ച വിധിപറയും. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എം.നാഗപ്രസന്ന ഉച്ചയ്ക്ക് 2.30നാണ് വിധി പറയുക. കമ്പനിയുടെ ആസ്ഥാനം ബെംഗളൂരുവിൽ ആയതിനാലാണ് കർണാടകയിൽ എക്സാലോജിക് ഹർജി ഫയൽ ചെയ്തിരുന്നത്. എസ്എഫ്ഐഒ ഡയറക്ടറും കേന്ദ്രസർക്കാരുമാണ് എതിർ കക്ഷികൾ. മാസപ്പടി വിവാദത്തിൽ വീണയെ ചോദ്യം ചെയ്യാൻ എസ്എഫ്ഐഒ നീക്കം നടത്തുന്നതിനിടെയായിരുന്നു ഹർജി. കൊച്ചിയിലെ കരിമണൽ കമ്പനിയായ സിഎംആർഎൽ, അവിടെ ഓഹരി പങ്കാളിത്തമുള്ള കേരള വ്യവസായ വികസന കോർപറേഷൻ (കെഎസ്ഐഡിസി) എന്നിവിടങ്ങളിൽനിന്ന് എസ്എഫ്ഐഒ പരിശോധന നടത്തി രേഖകൾ ശേഖരിച്ചു. എക്സാലോജിക് കമ്പനിയുടെ രേഖകൾ പരിശോധിക്കാനിരിക്കെയാണ് ഹർജി നൽകിയത്. ബെംഗളൂരുവിലെയും എറണാകുളത്തെയും റജിസ്ട്രാർ ഓഫ് കമ്പനീസ് (ആർഒസി) എക്സാലോജിക് സിഎംആർഎൽ ഇടപാടുകളിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിരുന്നു. ഒരു സേവനവും നൽകാതെ എക്സാലോജിക്കിനു സിഎംആർഎൽ വൻ തുക കൈമാറിയെന്നാണ് കേന്ദ്ര ആദായ നികുതി വകുപ്പിന്റെ ഇൻറിം സെറ്റിൽമെന്റ് ബോർഡ് കണ്ടെത്തിയത്. തുടർന്നാണ് അന്വേഷണം എസ്എഫ്ഐഒയ്ക്ക് കൈമാറിയത്. 8 മാസത്തിനകം അന്വേഷണം പൂർത്തിയാക്കാനാണ് നിർദേശം.






*ടെക്നോളിമ്പിക്സ് ഉദ്ഘാടന ചടങ്ങിൽ ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട) സംസാരിക്കുന്നു. ജിടെക് സിഇഒ വിഷ്ണു നായർ, ഫയ എംഡി ദീപു എസ് നാഥ്, സ്ലിങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ബൈജു കെ.യു, നടന സെക്രട്ടറി മുകേഷ് നായർ, നടന എക്സിക്യുട്ടീവ് മെമ്പർ ലക്ഷ്മി സുനജ ഹരിഗോവിന്ദ് എന്നിവർ സമീപം.*

# വന്യമൃഗ ആക്രമണം: സർക്കാർ അനാസ്ഥയ്ക്കെതിരെ കർഷക പ്രതിഷേധം ഇരമ്പി

ചങ്ങനാശേരി: കാട്ടാനയുടെ ആക്രമണത്തിൽ മനുഷ്യർ കൊല്ലപ്പെടുന്നതിൽ പ്രതിഷേധിച്ചും മനുഷ്യരെയും കൃഷിയിടങ്ങളും തകർക്കുന്ന വന്യജീവികളെ തടയുന്നതിൽ സർക്കാർ അനാസ്ഥയ്ക്കെതിരേയും വിവിധ കർഷക സംഘടനയുടെ നേതൃത്വത്തിൽ പ്രതിഷേധ കൂട്ടായ്മ തെങ്ങണായിൽ നടന്നു. കർഷകരെ തകർക്കാൻ സർക്കാരുകൾ കൂട്ടുനിന്നാൽ അരാജകത്വമായിരിക്കും ഫലമെന്ന് പ്രതിഷേധ കൂട്ടായ്മ അഭിപ്രായപ്പെട്ടു.

കൺവീനർ സന്തോഷ് പറമ്പിശേരിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡന്റ് വി. ജെ. ലാലി ഉദ്ഘാടനം ചെയ്തു. വന്യജീവികളുടെ ആക്രമണത്തിൽനിന്നു മനുഷ്യരെയും കൃഷിയെയും സംരക്ഷിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി അദ്ദേഹം പറഞ്ഞു.

കർഷകരുടെ രൂക്ഷമായ സമരത്തെ സർക്കാരിനു നേരിടേണ്ടി വരുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. മാത്തുക്കുട്ടി പ്ലാത്തോനം, ബാബു കൂരീത്ര, ബാബു കുട്ടൻചിറ, എൻ. ആർ. ജി. നായർ, കുഞ്ഞ് കൈതമറ്റം, ആൻറണി മലയിൽ, ജോഷി കൊല്ലാപുരം, ശശികല കെ. എസ്, ജോസ് ഏബ്രഹാം, ഷിബു ഏഴേപുഞ്ചയിൽ, അഭിഷേക് ബിജു, രജീഷ് രാജൻ, ജയിംസ് കുഞ്ചാക്കോ, പി. പി. മോഹനൻ, ബേബിച്ചൻ ഓലിക്കര, ജോസഫ് കരിങ്ങണാമറ്റം, അഫ്ജാൻ, ജോയിച്ചൻ കാലായിൽ, ഷിനോ ഓലിക്കര, മാത്തുക്കുട്ടി മറ്റത്തിൽ, ജേക്കബ് ചേന്നാട്ട്, ഫ്രാൻസീസ് ജോസഫ് എന്നിവർ പ്രസംഗിച്ചു.

പരിപാടികൾക്ക് സോണി കളരിക്കൽ, അപ്പച്ചൻ തൈപ്പറമ്പിൽ, തോമസ് സ്കറിയ, വി. ഡി. കുര്യാക്കോസ്, അപ്പിച്ചൻ എഴുത്തുപള്ളി, കെ. സി. മാത്യു, തോമസ് വർഗീസ്, ഷാജി എത്തയ്ക്കാട്ട്, പി. സി. തോമസ്, കെ. എസ്. രാജൻ, ബിനു ചിറ്റംതറ, ജോണിക്കുട്ടി, ടി. ജെ. ജോയിച്ചൻ എഴുത്തുപള്ളി എന്നിവർ നേതൃത്വം നൽകി.

# തദ്ദേശ ദിനാഘോഷം ഫെബ്രുവരി 18നും 19നും കൊട്ടാരക്കരയിൽ

2024 ലെ തദ്ദേശ ദിനാഘോഷം ഫെബ്രുവരി 18, 19 തീയതികളിൽ കൊട്ടാരക്കരയിൽ നടക്കും. പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം ഫെബ്രുവരി 18ന് ധനമന്ത്രി കെ. എൻ. ബാലഗോപാലിന്റെ അധ്യക്ഷതയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ് നിർവഹിക്കും. മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി മുഖ്യാതിഥിയായി പങ്കെടുക്കും. ഫെബ്രുവരി 19ന് രാവിലെ 11.30ന് കൊട്ടാരക്കര ജൂബിലി ഹാളിൽ തദ്ദേശ ദിനാഘോഷത്തിന്റെ സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

ഈ വർഷത്തെ മികച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ മുഖ്യമന്ത്രി ചടങ്ങിൽ വിതരണം ചെയ്യും. ധനമന്ത്രി കെ എൻ ബാലഗോപാൽ, ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാർ, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും. എംപിമാരും എംഎൽഎമാരുമുൾപ്പെടെയുള്ള ജനപ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുക്കും.സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും അധ്യക്ഷന്മാരും സെക്രട്ടറിമാരുമാണ് രണ്ട് ദിവസങ്ങളിലായി നടക്കുന്ന തദ്ദേശ ദിനാഘോഷത്തിൽ പങ്കെടുക്കുന്നത്.

കലാ, സാംസ്കാരിക പരിപാടികൾ, പ്രദർശനങ്ങൾ, കുടുംബശ്രീ ഫുഡ് ഫെസ്റ്റിവൽ തുടങ്ങിയവ പരിപാടിയുടെ ഭാഗമായി പൊതുജനങ്ങൾക്കായി ഒരുക്കിയിട്ടുണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചതിന് ശേഷമുള്ള രണ്ടാം പതിപ്പാണ് കൊട്ടാരക്കരയിൽ നടക്കുന്ന തദ്ദേശസ്വയംഭരണ ദിനാഘോഷമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ചെയർമാനും പ്രിൻസിപ്പൽ സെക്രട്ടറി ഷർമ്മിളാ മേരി ജോസഫ് ജനറൽ കൺവീനറുമായ സ്വാഗതസംഘത്തിന്റെ നേതൃത്വത്തിൽ ഒരുക്കങ്ങളെല്ലാം പൂർത്തിയായിക്കഴിഞ്ഞു.

അതിദാരിദ്ര്യം മുതൽ കെ സ്മാർട്ടും ഡിജിറ്റൽ സാക്ഷരതയും വരെയുള്ള വിപുലമായ പ്രവർത്തനങ്ങളാണ് പ്രാദേശിക സർക്കാരുകളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ സംസ്ഥാനത്ത് നടക്കുന്നത്. ഏറ്റെടുത്ത വിവിധ പദ്ധതികളുടെ വിലയിരുത്തലും, ഭാവി പ്രവർത്തനങ്ങളുടെ ആസൂത്രണവും ഉൾപ്പെടെയുള്ളവ രണ്ട് ദിവസം നീളുന്ന തദ്ദേശ ദിനാഘോഷത്തിൽ നടക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അഞ്ച് അക്കാദമിക് സെഷനുകളാണ് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി ഒരുക്കിയിരിക്കുന്നത്. സംരംഭകത്വവും ഉപജീവനവും, മാലിന്യ സംസ്കരണംവെല്ലുവിളികളും നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗവും നിയമവും, അതിദാരിദ്ര്യ നിർമാർജനം, ഇ ഗവേണൻസും ഡിജിറ്റൽ സാക്ഷരതയും, സുസ്ഥിര വികസനവും പ്രാദേശിക സർക്കാരുകളും തുടങ്ങിയ ദൈനംദിന വിഷയങ്ങളിൽ വിപുലമായ ചർച്ചകൾ നടക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുന്നോട്ടുപോക്കിന് അനിവാര്യമായ നിർദേശങ്ങളും ആശയങ്ങളും ഈ ചർച്ചകളിലൂടെ ഉയർന്നുവരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

# രണ്ട് മാസം നീളുന്ന ടെക്നോളിമ്പിക്സിന് ടെക്നോപാർക്കിൽ തുടക്കമായി

തിരുവനന്തപുരം: ഐടി പ്രൊഫഷണലുകളുടെ കായിക മികവ് പ്രകടിപ്പിക്കാനും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന ടെക്നോളിമ്പിക്സിന് ടെക്നോപാർക്കിൽ തുടക്കമായി.

രണ്ട് മാസം നീളുന്നതാണ് ഈ ഇൻറർകമ്പനി കായികമേള.

കേരളത്തിലെ ഐടി പാർക്കുകളുടെ ഔദ്യോഗിക കല, സാംസ്കാരിക, കായിക ക്ലബ്ബായ നടനയുടെ ആഭിമുഖ്യത്തിലുള്ള കായികമേള ടെക്നോപാർക്ക് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട) ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ ജിടെക് സിഇഒ വിഷ്ണു നായർ, ഫയ എംഡി ദീപു എസ് നാഥ്, സ്ലിങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ബൈജു കെ.യു, നടന സെക്രട്ടറി മുകേഷ് നായർ, നടന എക്സിക്യുട്ടീവ് മെമ്പർ ലക്ഷ്മി സുനജ ഹരിഗോവിന്ദ് എന്നിവർ പങ്കെടുത്തു.

മിനി ഒളിമ്പിക്സ് എന്ന ആശയത്തിൽ നടക്കുന്ന ടെക്നോളിമ്പിക്സ് ഐടി കമ്പനികളിലെ ജീവനക്കാർക്ക് ഗെയിമുകളിലും ട്രാക്ക് ആൻഡ് ഫീൽഡ് മത്സരങ്ങളിലുമുള്ള മികവ് തെളിയിക്കാൻ അവസരമൊരുക്കും. സ്പ്രിൻറ്, ലോങ്ജമ്പ്, ഹൈജമ്പ്, ട്രിപ്പിൾ ജമ്പ്, ഷോട്ട്പുട്ട്, ജാവലിൻ ത്രോ, ഡിസ്കസ് ത്രോ, ഹാമർ ത്രോ, നീന്തൽ, ബാഡ്മിൻറൺ, ചെസ്, കാരംസ്, വോളിബോൾ, ബാസ്ക്കറ്റ്ബോൾ, ത്രോബോൾ, ടേബിൾ ടെന്നീസ്, ഗുസ്തി, ക്രോസ്ഫിറ്റ്, മിസ്റ്റർ ആൻഡ് മിസിസ് ഫിസിക്ക് തുടങ്ങിയ കായിക ഇനങ്ങളിൽ മത്സരങ്ങൾ നടക്കും.

# മുഖംമിനുക്കാനൊരുങ്ങി തമ്പാനൂരിലെ ഊറ്റുകുഴി കുളം

പേരൂർക്കട: രാജഭരണകാലത്ത് ഉണ്ടായിരുന്ന പ്രൗഢി തിരിച്ചുപിടിക്കാൻ ഒരുങ്ങുകയാണ് തമ്പാനൂർ വാർഡിൽ ഊറ്റുകുഴിപ്രസ്ക്ലബ്ബ് റോഡിനു സമീപത്തു സ്ഥിതിചെയ്യുന്ന ഊറ്റുകുഴി കുളം.

തിരുവിതാംകൂർ ഭരണകാലത്ത് നിർമിച്ച കുളത്തിന് 150 വർഷത്തിലേറെ പഴക്കമുണ്ട്. അക്കാലത്ത് ഏറെ ആകർഷണീയമായ രീതിയിൽ നിർമിക്കപ്പെട്ട കുളം കാലക്രമേണ നാശോന്മുഖമാകുകയായിരുന്നു. 11 അടിയോളം താഴ്ചയും ചതുരാകൃതിയുമുള്ള കുളത്തിന് നാലു സെൻറ് വിസ്തൃതിയാണ് ഉള്ളത്.

കുളത്തിനു സമീപം നിർമിച്ച ഒരു കംഫർട്ട് സ്റ്റേഷൻ ഉണ്ടെങ്കിലും പ്രവർത്തനമില്ല. രാത്രികാലത്ത് കുളത്തിൻറെ പരിസരം സാമൂഹികവിരുദ്ധരുടെ താവളമായതോടെയാണ് നവീകരണം നടത്താൻ അധികൃതർ തീരുമാനമെടുത്തത്.

കുളത്തിൻറെ നവീകരണത്തിന് നഗരസഭ 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വെള്ളം ശുചീകരിക്കുകയും റോഡിന് അഭിമുഖമായുള്ള ഭാഗത്തെ ഇഷ്ടികഭിത്തി നീക്കി ഗ്രില്ല് സ്ഥാപിക്കുകയുമാണ് ഏറ്റവും പ്രധാനം. ഫൗണ്ടൻ, ഇൻറർലോക്ക് നടപ്പാത, ഇരിപ്പിടങ്ങൾ, തെരുവുവിളക്കുകൾ എന്നിവ സ്ഥാപിക്കുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്.

കംഫർട്ട് സ്റ്റേഷനിലേക്ക് പൈപ്പ് കണക്ഷൻ കൊണ്ടുവരുന്നതിനും സ്വീവേജ് പണി പൂർത്തീകരിക്കുന്നതിലും ലക്ഷ്യമിടുന്നതായി നഗരസഭാ അധികൃതർ വ്യക്തമാക്കി. നിലവിൽ ഇഷ്ടിക ഭിത്തി ഇടിച്ചു തുടങ്ങിയിട്ടുണ്ട്.

ശോച!്യാവസ്ഥയിൽ കിടക്കുന്ന കുളത്തിൻറെ ഉൾഭാഗവും വൃത്തിയാക്കുന്ന പ്രവർത്തനങ്ങളും നടന്നുവരികയാണ്. കുളത്തിൻറെ നവീകരണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്താനാണ് ലക്ഷ്യമിടുന്നത്.

# ജാതി സെൻസസ് നടപ്പിലാക്കണം

തിരുവനന്തപുരം: കേരളത്തിൽ ജാതി തിരിച്ചുള്ള സെൻസസ് നടപ്പാക്കണമെന്ന് ഓൾ ഇന്ത്യാ വീരശൈവ സഭ എക്സിക്യൂട്ടീവ് യോഗം. ജനറൽ സെക്രട്ടറി കെ ഗോകുൽദാസ് ഉദ്ഘാടനം ചെയ്തു. കേരളത്തിൽ വീരശൈവ ഉപവിഭാഗങ്ങളായ കുരുക്കൾ / ഗുരുക്കൾ / ചെട്ടി / ചെട്ടിയാർ / സാധു ചെട്ടി വിഭാഗത്തെ കേന്ദ്ര പിന്നാക്ക പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ ശുപാർശ നൽകണമെന്നും കേരളത്തിലെ ഒബിസി പട്ടികയിൽ ഉൾപ്പെടുത്തിയതിൽ ഗസറ്റ് വിജ്ഞാപനം നടത്തണമെന്നും ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് നിവേദനം നൽകണമെന്നും വീരശൈവ സമുദായത്തിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. വൈസ് പ്രസിഡന്റ് ആർ രവി അധ്യക്ഷനായി. യോഗത്തിൽ കുട്ടൻ കണ്ണാടി, രമേഷ്ബാബു, കെ പ്രിയ, സുജിത്ത്കുമാർ, കെ സോമൻ,മണികണ്ഠൻ എ എൻ എന്നിവർ പ്രസംഗിച്ചു

# വിമാനത്താവളത്തിലെ റൺവേ സ്ട്രിപ്പ് വീതി കൂട്ടുന്നതിന്റെ ആദ്യഘട്ടം പൂർത്തിയായി

തിരുവനന്തപുരം: അന്താരാഷ്ട്ര വിമാനത്താവളത്തിലെ റൺവേ സ്ട്രിപ്പ് വീതി കൂട്ടുന്നതിന്റെ ആദ്യഘട്ടം പൂർത്തിയായി. റൺവേയുടെ ഇരുവശത്തുമുള്ള സ്ട്രിപ്പിന്റെ വീതി 75 മീറ്ററിൽ നിന്ന് 110 മീറ്ററായാണ് കൂട്ടിയത്. ലാൻഡിംഗ്, ടേക്ക് ഓഫ് സമയങ്ങളിൽ റൺവേയിൽ നിന്ന് ഓവർഷൂട്ട് സംഭവിച്ചാൽ വിമാനം സുരക്ഷിതമാക്കാനുള്ള വ്യോമയാന സുരക്ഷാ നടപടികളുടെ ഭാഗമായാണ് വീതി കൂട്ടിയത്.

ഡയറക്ടർ ജനറൽ സിവിൽ ഏവിയേഷൻ (ഡിജിസിഎ) മാനദണ്ഡങ്ങൾ പാലിച്ചായിരുന്നു നിർമ്മാണം. വീതി കൂട്ടുന്നതിനൊപ്പം റൺവേയുടെ ഇരുവശങ്ങളിലും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗ്രേഡിംഗ് ഉറപ്പാക്കിയിട്ടുണ്ട്.

കോഡ് ഇ വിഭാഗത്തിൽപ്പെട്ട റൺവേയുടെ ആകെ നീളം 3374 മീറ്ററും വീതി 45 മീറ്ററുമാണ്. ഈ വിഭാഗത്തിലുള്ള റൺവേയിൽ ബോയിംഗ് 777/787,എയർബസ് 330/350 ഉൾപ്പടെയുള്ള വലിയ വിമാനങ്ങൾക്ക് ഇറങ്ങാൻ കഴിയും.

റെക്കോഡ് സമയ പരിധിക്കുള്ളിലാണ് സ്ട്രിപ്പ് നവീകരണം പൂർത്തിയാക്കിയത്.

# കർഷകർ ഇന്ത്യയുടെ ശത്രുവല്ല മിത്രമാണ്: ആർ. സതീഷ്കുമാർ

തിരുവനന്തപുരം: കർഷകർ ഇന്ത്യയുടെ ശത്രുക്കളല്ല, അവർ ഇന്ത്യയുടെ മിത്രങ്ങളാണെന്ന് എൻസിപി ദേശീയ സെക്രട്ടറി അഡ്വ. ആർ. സതീഷ് കുമാർ. പുതുതായി നിയോഗിക്കപ്പെട്ട സംഘടനയുടെ സംസ്ഥാന സെക്രട്ടറിമാർക്ക് എൻസിപി നെയ്യാറ്റിൻകര ബ്ലോക്ക് കമ്മറ്റി നൽകിയ അനുമോദന സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യയുടെ പത്തായപ്പുര നിറയ്ക്കുന്ന കർഷകർക്ക് അധ്വാനത്തിനുള്ള ശരിയായ കൂലി നൽകി സംരക്ഷിക്കുന്നതിനു പകരം കർഷകരുടെ ന്യായമായ അവകാശ സമരങ്ങളെ മുള്ളാണിയും, ബാരിക്കേഡുകളും, ഡ്രോൺ ടിയർ ഗ്യാസ് പ്രയോഗവും നടത്തി തടയാൻ ശ്രമിക്കുന്ന കേന്ദ്ര സർക്കാർ രാജ്യത്ത് ഭക്ഷ്യക്ഷാമം ഉണ്ടാക്കുവാൻ ശ്രമിക്കുകയാണ്.

ന്യായമായ അവകാശങ്ങൾ നേടിയെടുക്കുവാൻ സമരം ചെയ്യുന്ന കർഷകരോട് നീതി കാട്ടുവാൻ കേന്ദ്ര സർക്കാർ തയാറാകണമെന്നും അദ്ദേഹം പറഞ്ഞു. പ്രസിഡൻറ് രാമപുരം ശ്രീകുമാറിൻറെ അധ്യക്ഷത വഹിച്ചു.

ബാബു സുരേഷ്, കോവളം അജി, ഡി. സൂര്യകാന്ത്, കരകുളം നടരാജൻ, ആർ. ലീലാമ്മ, കരമന മുരുകൻ, രാജേന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു.

# പ്രിമോ പൈപ്പിലെ അറ്റകുറ്റപ്പണി പൂർത്തിയായി: ജലവിതരണം പുനരാരംഭിച്ചു

പേരൂർക്കട: പ്രിമോ പൈപ്പിലെ അറ്റകുറ്റപ്പണിക്കുശേഷം അമ്പലമുക്കിൽ വീണ്ടും ജലവിതരണം പുനരാരംഭിച്ചു. ബുധനാഴ്ച പുലർച്ചെ മുതലാണ് പമ്പിംഗ് പുനരാരംഭിച്ചത്. ഒരാഴ്ച മുമ്പ് ജംഗ്ഷനിൽ പൊട്ടിയ 900 എംഎം പ്രിമോ പൈപ്പ് വീണ്ടും അറ്റകുറ്റപ്പണി ചെയ്യുന്നതിനുവേണ്ടിയാണ് കുഴിച്ചത്. ചൊവ്വാഴ്ച രാത്രി 10ന് ആരംഭിച്ച അറ്റകുറ്റപ്പണി നാലുമണിക്കൂറിനു ശേഷം പൂർത്തീകരിക്കുകയായിരുന്നു. അതുകൊണ്ടുതന്നെ കാര്യമായി കുടിവെള്ള മുടക്കം ഉണ്ടായില്ലെന്നു വാട്ടർ അഥോറിറ്റി അറിയിച്ചു.

ആദ്യഘട്ടം പണി പൂർത്തീകരിച്ച അതേ പൈപ്പിൻറെ ജോയിൻറിലായിരുന്നു ചോർച്ച. അറ്റകുറ്റപ്പണിക്ക് ശേഷം മണൽ വിരിച്ച് വാഹനങ്ങളുടെ മർദ്ദം ഉണ്ടാകാത്തവിധം സുരക്ഷ ഉറപ്പാക്കാത്തതാണ് വീണ്ടും പൈപ്പിൽ ചോർച്ചയുണ്ടാകാൻ കാരണമായത്.

നിലവിൽ അറ്റകുറ്റപ്പണി പൂർത്തീകരിച്ച ഭാഗത്ത് വാട്ടർ അഥോറിറ്റി സേഫ്റ്റി കോണുകൾ സ്ഥാപിച്ചിട്ടുണ്ട്. രണ്ടു ദിവസത്തിനുള്ളിൽ ഇവ നീക്കം ചെയ്യുമെന്ന് അധികൃതർ വ്യക്തമാക്കി.

# പെണ്ണടയാളങ്ങൾ സ്ത്രീ അവസ്ഥാ പഠന റിപ്പോർട്ട് പ്രകാശിപ്പിച്ചു

തിരുവനന്തപുരം: ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ സ്ത്രീകളുടെ നിലവിലെ അവസ്ഥയെക്കുറിച്ച് മനസ്സിലാക്കുന്നതിനും, പ്രശ്ന പരിഹാരത്തിന് നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമായി തദ്ദേശ സ്വയം ഭരണ സ്ഥാപന അടിസ്ഥാനത്തിൽ നടപ്പാക്കിയ 'പെണ്ണടയാളങ്ങൾ സ്ത്രീ അവസ്ഥാ പഠനം ' പദ്ധതിയുടെ പഠന റിപ്പോർട്ട് പ്രകാശിപ്പിച്ചു. ജില്ലാ പഞ്ചായത്ത് ഇ. എം. എസ് മെമ്മോറിയൽ ഹാളിൽ ഐ. ബി സതീഷ് എം. എൽ. എ പ്രകാശനം നിർവഹിച്ചു. സ്ത്രീ സംതൃപ്തയും സുരക്ഷിതയും ആയിരിക്കുന്ന ഒരു സമൂഹത്തിൽ മാത്രമേ വികസനം സാധ്യമാകൂ എന്ന് എം. എൽ. എ പറഞ്ഞു. ജില്ലാ ആസൂത്രണ സമതിയുടെ നേതൃത്വത്തിൽ വനിതാ ശിശു വികസന വകുപ്പ്, തദ്ദേശ സാമ്പത്തിക സ്ഥിതിവിവര കണക്ക് എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ പഠനം നടത്തിയത്. സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അനീഷ് കുമാർ. ബി റിപ്പോർട്ട് അവതരിപ്പിച്ചു. സ്ത്രീകളുടെ വ്യക്തിപരം, തൊഴിൽ, വരുമാനം, സ്വയം നിർണ്ണയാവകാശം, ആരോഗ്യം, അതിക്രമം, വിനോദം തുടങ്ങിയ പ്രധാന മേഖലകളിൽ നിന്നുള്ള വിവരങ്ങളാണ് സർവേയിലൂടെ ശേഖരിച്ചത്. 18 നു മുകളിൽ പ്രായമുള്ള 81,000 സ്ത്രീകളെ ആണ് പഠനത്തിനായി തിരഞ്ഞെടുത്തത്. സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപറേഷൻ ചെയർപേഴ്സൺ ജയാഡാളി എം. വി, സി. ഡബ്ല്യു. സി ചെയർപേഴ്സൺ ഷാനിബ ബീഗം, മികച്ച ബാലതാരത്തിനുള്ള കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് നേടിയ തന്മയ സോൾ എന്നിവരെ ചടങ്ങിൽ ആദരിച്ചു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. ഷൈലജ ബീഗം അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ, മറ്റു പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# നാഷണൽ യൂത്ത് പാർലമെന്റ് മത്സരത്തിൽ പങ്കെടുക്കാൻ അവസരം

തിരുവനന്തപുരം: കേന്ദ്ര യുവജനകാര്യകായിക മന്ത്രാലയത്തിനു കീഴിലുള്ള നെഹ്റു യുവ കേന്ദ്ര രാജ്യവ്യാപകമായി നടത്തുന്ന നാഷണൽ യൂത്ത് പാർലമെന്റ് പ്രസംഗ മത്സരത്തിൽ പങ്കെടുക്കാൻ യുവതീ യുവാക്കൾക്ക് അവസരം. 2024 ഫെബ്രുവരി 1 ന് 18 നും 25 നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് ജില്ലാ തലത്തിൽ നടത്തുന്ന പ്രാഥമിക തല മത്സരത്തിൽ പങ്കെടുക്കാം. ഹിന്ദി, ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ ഏതെങ്കിലും ഒന്ന് തെരെഞ്ഞെടുക്കാം. സ്ക്രീനിങ്ങിനു ശേഷം നടത്തുന്ന ജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യത ലഭിക്കും. ജില്ലാസംസ്ഥാനതല മത്സരങ്ങൾ ഓൺലൈനായിരിക്കും തുടർന്ന് സംസ്ഥാനതല മത്സരത്തിൽ ആദ്യത്തെ മൂന്ന് സ്ഥാനക്കാർക്ക് പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ നടക്കുന്ന നാഷണൽ യൂത്ത് പാർലമെൻറ് ഫെസ്റ്റിവലിൽ പങ്കെടുക്കാൻ അവസരം ലഭിക്കും. നാഷണൽ യൂത്ത് പാർലമെൻറിൽ ആദ്യ മൂന്നു സ്ഥാനക്കാർക്ക് 2 ലക്ഷം, 1.50 ലക്ഷം, 1 ലക്ഷവും, പിനീട് വരുന്ന 2 സ്ഥാനക്കാർക്ക് 50000 രൂപ പ്രോത്സാഹനമായും ലഭിക്കും

മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ( മേരാ യുവ ഭാരത് ) ഓഥ ആവമൃമേ പോർട്ടലിൽ രജിസ്റ്റർ ചെയ്തിരിക്കണം. കൂടുതൽ വിവരങ്ങൾക്കായി ഫെബ്രുവരി 16 നു മുൻപായി നെഹ്റു യുവ കേന്ദ്ര ജില്ലാ യൂത്ത് ഓഫീസർമാരുമായോ നാഷണൽ സർവീസ് സ്കീം പ്രോഗ്രാം ഓഫീസർമാരുമായോ ബന്ധപ്പെടേണ്ടതാണ്.

കാസർഗോഡ്, കണ്ണൂർ,വയനാട്, കോഴിക്കോട് മലപ്പുറം മാഹി ജില്ലക്കാർക്ക് 19.02.2024 നും എറണാകുളം,ആലപ്പുഴ,പത്തനംതിട്ട, കൊല്ലം,തിരുവനന്തപുരം ജില്ലക്കാർക്ക് 20. 02.2024 നും തൃശൂർ, പാലക്കാട്,കോട്ടയം,ഇടുക്കി,ലക്ഷദ്വീപ് ജില്ലക്കാർക്ക് 21.02.2024 നുമായിരിക്കും ജില്ലാതല മത്സരങ്ങൾ.

# കെ. ബൈജൂനാഥ് വീണ്ടും മനുഷ്യാവകാശ കമ്മിഷൻ ജുഡീഷ്യൽ അംഗം

തിരുവനന്തപുരം: സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജൂനാഥിന് തുടർ നിയമനം നൽകാൻ മുഖ്യമന്ത്രിയും സ്പീക്കറും പ്രതിപക്ഷ നേതാവും അംഗങ്ങളായ നിയമന കാര്യ സമിതി തീരുമാനിച്ചു. സമിതിയുടെ തീരുമാനം ഗവർണർക്ക് കൈമാറും.

2021 ൽ കൽപ്പറ്റ ജില്ലാ ആന്റ് സെഷൻസ് ജഡ്ജിയായിരിക്കെ മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗമായി നിയമിതനായ കെ. ബൈജൂ നാഥിന്റെ മൂന്നു കൊല്ലത്തെ സേവന കാലാവധി വരുന്ന മാർച്ച് 2 ന് പൂർത്തിയാകും. ഇതിനെ തുടർന്നാണ് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള നിയമന കാര്യ സമിതി യോഗം ചേർന്നത്. മൂന്ന് വർഷമാണ് കമ്മീഷൻ അധ്യക്ഷന്റെയും അംഗങ്ങളുടെയും കാലാവധി.

ജസ്റ്റിസ് ആന്റണി ഡൊമിനിക് കമ്മീഷൻ അധ്യക്ഷ സ്ഥാനത്ത് നിന്ന് കഴിഞ്ഞ വർഷം മേയിൽ വിരമിച്ച ശേഷം ബൈജൂ നാഥിനെ ആക്റ്റിങ് ചെയർപേഴ്സണായി ഗവർണർ നിയമിക്കുകയായിരുന്നു. വി. കെ. ബീനാകുമാരിയാണ് മറ്റൊരു അംഗം.

ഹൈക്കോടതി ജഡ്ജിയുടെ പദവിക്ക് തുല്യമാണ് കമ്മീഷൻ അംഗത്തിന്റെ സ്ഥാനം. കോഴിക്കോട് സ്വദേശിയായ കെ.

ബൈജൂ നാഥ് 1987 ൽ അഭിഭാഷകനായി. 1992 ൽ മജിസ്ട്രേറ്റും പിന്നീട് ജില്ലാ ജഡ്ജിയുമായി. കേരള ജുഡീഷ്യൽ ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്. കോഴിക്കോട് കുതിരവട്ടം ശബരീ തീർത്ഥത്തിൽ പരേതരായ കെ. രാംദാസിന്റെയും രാധാ പനോളിയുടെയും മകനാണ്. ഭാര്യ യു. കെ. ദീപ. മക്കൾ: വിജിലൻസ് പ്രോസിക്യൂട്ടർ അരുൺ കെ. നാഥ്, ഡോ. അമൃത് കെ. നാഥ്. പ്രഭാഷകൻ കൂടിയാണ് ബൈജൂ നാഥ്.

# വന്യമൃഗ ശല്യം: സർക്കാർ അനാസ്ഥയ്ക്കെതിരേ പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു

തിരുവമ്പാടി: നാട്ടിലിറങ്ങി ജനങ്ങളെ കൊല്ലുകയും കൃഷിനശിപ്പിക്കുകയും ചെയ്യുന്ന വന്യമൃഗങ്ങളെ കൊല്ലാൻ നിയമങ്ങൾ ഉണ്ടായിട്ടും അത് യഥാസമയം നടപ്പാക്കാത്തത് ജനങ്ങളോടുള്ള വെല്ലുവിളിയാണെന്ന് തിരുവമ്പാടി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ പറഞ്ഞു. വന്യമൃഗശല്യത്തിൽ കർഷകരെ സഹായിക്കാത്ത സർക്കാർ നയത്തിനെതിരേ കത്തോലിക്ക കോൺഗ്രസിൻറെ നേതൃത്വത്തിൽ തിരുവമ്പാടിയിൽ സംഘടിപ്പിച്ച പ്രതിഷേധം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

റേഡിയോ കോളർ പിടിപ്പിച്ച കാട്ടാന നാട്ടിലിറങ്ങിയിട്ട് ആഴ്ചകളായിട്ടും നടപടി എടുക്കാത്തതും ജനങ്ങൾക്ക് ജാഗ്രതാ നിർദേശം നൽകാത്തതും സർക്കാർ സംവിധാനത്തിൻറെ പരാജയമാണ്.

വന്യമൃഗങ്ങളെ ഭയന്ന് നാട്ടിൽ ജീവിക്കേണ്ടി വരുന്ന ജനങ്ങളുടെ അവസ്ഥ പരിതാപകരമാണെന്നും ഇതിനു പരിഹാരം ഉണ്ടാക്കണമെന്നും പ്രതിഷേധ യോഗം ആവശ്യപ്പെട്ടു.

കത്തോലിക്ക കോൺഗ്രസ് തിരുവമ്പാടി പ്രസിഡൻറ് ബെന്നി കിഴക്കേ പറമ്പിൽ അധ്യക്ഷത വഹിച്ചു. ഫാ. ആൽബിൻ വിലങ്ങുപാറ, ഫാ. റൂബിൻ പൊടി മറ്റത്തിൽ, കത്തോലിക്ക കോൺഗ്രസ് ഭാരവാഹികളായ ജോസഫ് പുലക്കുടി, തങ്കച്ചൻ മുട്ടത്ത്, ജോസ് തറയിൽ, പ്രിൻസ് തിനംപറമ്പിൽ, പഞ്ചായത്തംഗം ലിസി മാളിയേക്കൽ, വത്സമ്മ കൊട്ടാരം, ജോയി കുരിശിങ്കൽ എന്നിവർ പ്രസംഗിച്ചു.



വയനാട്ടിലെ വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് ജില്ലയിലെ ജനപ്രതിനിധികളുമായി മുഖ്യമന്ത്രി പിണറായി വിജയൻ ചർച്ച നടത്തുന്നു

# വന്യജീവികൾ കാടിന് പുറത്ത് വ്യവഹരിക്കുന്നത് എങ്ങനെയെന്ന് വനം വകുപ്പ് വ്യക്തമാക്കണമെന്ന്

കോഴിക്കോട്: കോടികൾ ചെലവഴിച്ച് വനാതിർത്തിയിൽ കാമറകൾ സ്ഥാപിച്ചുവെന്ന് അവകാശപ്പെടുമ്പോഴും വന്യജീവികൾ കാടിന് പുറത്ത് വ്യവഹരിക്കുന്നത് എങ്ങനെയെന്ന് വനം വകുപ്പ് വ്യക്തമാക്കണമെന്ന് ജനശക്തി കോൺഗ്രസ് ദേശീയ പ്രസിഡൻറ് മനോജ് ശങ്കരനെല്ലൂർ ആവശ്യപ്പെട്ടു. ജനശക്തി കർഷക കോൺഗ്രസ് കോഴിക്കോട് ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാനന്തവാടിയിൽ കഴിഞ്ഞ ദിവസം കർഷകനെ ആന ചവിട്ടി കൊന്ന സംഭവം സർക്കാരിൻറെ കഴിവ്കേടാണ്. സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ചികിത്സാ സഹായവും പുനരധിവാസത്തിനുള്ള പണവും സർക്കാർ നൽകുന്നില്ല. 67000 അപേക്ഷകളാണ് വനംവകുപ്പിൽ കെട്ടിക്കിടക്കുന്നത്. പലപ്പോഴും വനം ഉദ്യോഗസ്ഥർ തിരിഞ്ഞുനോക്കാറുപോലുമില്ലെന്ന് അദ്ദേഹം പറഞ്ഞു. ജില്ലാ കൺവീനർ എം. ജി. മണിലാൽ അധ്യക്ഷനായ യോഗത്തിൽ നേതാക്കളായ അനീഷ് മലാപറമ്പ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ഗിരീഷ് കൊയിലാണ്ടി, സക്കീർ ഹുസൈൻ കക്കോടി, സഹദ് കുറ്റിച്ചിറ, രാജേഷ് കുതിരവട്ടം, റസാക്ക് കുണ്ടുങ്ങൽ, പ്രദാപ്, ഇർഷാദ് മീഞ്ചന്ത, സുബിൻ കുണ്ടുപറമ്പ്, സബീഷ് മണ്ണൂർ, വിബീഷ്, അഷറഫ് കുറ്റിച്ചിറ, മുരളി കുണ്ടുപറമ്പ്, ബേസിൽ നടക്കാവ് തുടങ്ങിയവർ പ്രസംഗിച്ചു.

# ജനവാസ കേന്ദ്രത്തിൽ കടുവ ശല്യം: ഭീതിയിൽ സുരഭിക്കവല

പുൽപ്പള്ളി: പുൽപ്പള്ളി, മുള്ളൻകൊല്ലി പഞ്ചായത്തുകളോട് ചേർന്നു കിടക്കുന്ന താന്നിത്തെരുവ്, സുരഭിക്കവല, മജണ്ട പ്രദേശങ്ങളിൽ കടുവാശല്യം രൂക്ഷമായതോടെ പ്രദേശത്തെ കർഷകർക്ക് കൃഷിയിടങ്ങളിലിറങ്ങുന്നതിനോ പുലർച്ചെ യാത്ര ചെയ്യാനോ കഴിയാത്ത അവസ്ഥയാണ്.

ആഴ്ചകളായി മേഖലയിൽ കടുവ പകൽപോലും വീടിൻറെ മുറ്റത്തുപോലുമെത്താൻ തുടങ്ങിയതോടെയാണ് പ്രദേശവാസികളുടെ ആശങ്ക വർധിക്കാൻ കാരണം. കൃഷിയിടങ്ങളിൽ വിളവെടുപ്പ് സമയമായതിനാൽ കുരുമുളകും കാപ്പിയും പറിക്കാൻ കൃഷിയിടത്തിലേക്ക് ഇറങ്ങാൻ കഴിയാത്ത അവസ്ഥയാണ്.

സുരഭിക്കവലയിൽ പാലമറ്റത്തിൽ സുനിലിൻറെ വീടിനോട് ചേർന്ന തൊഴുത്തിൽ കെട്ടിയിരുന്ന ആടിനേയും താന്നിത്തെരുവിൽ താഴത്തേടത്ത് ശോശാമ്മയുടെ പശുക്കിടാവിനേയും കടുവ കൊന്നതോടെ വനംവകുപ്പ് കടുവയെ പിടികൂടാൻ ഇവിടെ കൂടുകൾ സ്ഥാപിച്ചുവെങ്കിലും പിടികൂടാനായില്ല. തുടർച്ചയായി വിവിധ മേഖലകളിൽ മാറിമാറി കടുവയുടെ സാന്നിധ്യം നാട്ടുകാർ കണ്ടതോടെ ഈ മേഖലയിലുള്ള കടകൾപോലും സന്ധ്യമയങ്ങുന്നതോടെ അടയ്ക്കേണ്ട സ്ഥിതിയാണ്.

വാഹന യാത്രക്കാർ കടുവയെ റോഡിൽ കാണുന്നതും പതിവായതോടെ വാഹനങ്ങളിൽപോലും ഇതുവഴി പോകാൻ കഴിയാത്ത അവസ്ഥയാണ്. ജനവാസ കേന്ദ്രത്തിൽ കടുവയെ കണ്ടെന്ന് നാട്ടുകാർ അറിയിക്കുന്പോൾ വനപാലകർ സ്ഥലത്തെത്തി പരിശോധന നടത്തിയെന്ന് വരുത്തി മടങ്ങുന്നതല്ലാതെ പ്രദേശത്തെ ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ വനംവകുപ്പ് തയാറാകുന്നില്ലെന്നാണ് നാട്ടുകാരുടെ പരാതി. പ്രദേശത്ത് മൂന്ന് കൂടുകൾ സ്ഥാപിച്ചെങ്കിലും പ്രയോജനമില്ലെന്നാണ് കർഷകരുടെ പരാതി.

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലയായിട്ടുപോലും ശല്യക്കാരനായ കടുവയെ കണ്ടെത്തി മയക്കുവെടിവച്ച് പിടികൂടാൻ വനംവകുപ്പ് തയാറാകണമെന്നും ഇതിനാവശ്യമായ നടപടി ക്രമങ്ങൾ ഉന്നത വനപാലകരിൽനിന്നുണ്ടാവണമെന്നുമാണ് ആവശ്യം. കഴിഞ്ഞ ദിവസം വടാനക്കവലയിൽ വനമൂലികയ്ക്ക് സമീപമുള്ള കൃഷിയിടത്തിൽ കടുവയെ വനംവകുപ്പ് കണ്ടെത്തിയെങ്കിലും തുരത്താനാവശ്യമായ നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ലെന്നും കടുവയുടെ ശല്യം മൂലം പുലർച്ചെ പത്രവിതരണത്തിനോ ക്ഷീരകർഷകർക്ക് തൊഴുത്തിൽകയറി പാൽകറക്കുന്നതിനോ പോലും കഴിയാത്ത അവസ്ഥയാണ്.

മേഖലയിൽ അന്യജില്ലകളിൽ നിന്നുമുള്ളവർ വാങ്ങിയ തോട്ടങ്ങൾ കാടുമൂടി വനംപോലെയായി കിടക്കുന്നതിനാൽ ആ മേഖലയിലാണ് കടുവയുടെ സാന്നിധ്യം ഏറെ. എന്നാൽ കാടുകൾ വെട്ടിത്തെളിക്കുന്നതിനാവശ്യമായ നടപടികളില്ലാത്തത് മൂലം പ്രദേശത്തെ സാധാരണക്കാരാണ് വലയുന്നത്.

## പണ്ഡിത് ദീനദയാൽ ദീർഘവീക്ഷണമുള്ള ഭാരതീയ ചിന്തകൻ: അഡ്വ. വി. കെ. സജീവൻ

കോഴിക്കോട്: ഭാരതീയ ജനതാ പാർട്ടിയുടെ പൂർവരൂപമായ ഭാരതീയ ജനസംഘത്തിൻറെ സ്ഥാപക നേതാക്കളിലൊരാളും ഏകാത്മ മാനവദർശനത്തിൻറെ ഉപജ്ഞാതാവുമായ പണ്ഡിറ്റ് ദീനദയാൽ ഉപാദ്ധ്യയയെ അദ്ദേഹത്തിൻറെ ബലിദാന ദിനത്തിൽ അനുസ്മരിച്ചു.

രാജ്യത്തിൻറെ സാമൂഹ്യ സാമ്പത്തിക വികസനത്തെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുകയും പാവങ്ങളുടെ ഉന്നമനത്തിനും അതോടൊപ്പം സമൂഹത്തിൻറെ അടിത്തട്ടിൽ കിടക്കുന്നവരെ രാജ്യത്തിൻറെ വികസന പ്രക്രിയയിൽ പങ്കാളികളാക്കുന്നതിനും തനതായ പ്രത്യയ ശാസ്ത്രം രൂപപ്പെടുത്തുകയും ചെയ്ത മഹാനായ ഭാരതീയ ചിന്തകനാണ് ദീനദയാലെന്ന് ബിജെപി ജില്ലാ പ്രസിഡൻറ് അഡ്വ. വി. കെ. സജീവൻ അനുസ്മരിച്ചു.

മാരാർജി ഭവനിൽ നടന്ന ചടങ്ങിൽ ജില്ലാ സെക്രട്ടറിമാരായ ടി. രനീഷ്, പ്രശോഭ് കോട്ടൂളി, ജില്ലാ കമ്മിറ്റി അംഗം തിരുവണ്ണൂർ ബാലകൃഷ്ണൻ, ജില്ലാ ലീഗൽ സെൽ കൺവീനർ അഡ്വ. ശ്യാം അശോക്, രതീഷ് പുല്ലൂന്നി എന്നിവർ പ്രസംഗിച്ചു.

## മഞ്ഞുവയൽ വിമല യുപി സ്കൂളിൽ സയൻസ് എക്സ്പോ ഇന്ന് മുതൽ

കോടഞ്ചേരി: മഞ്ഞുവയൽ വിമല യുപി സ്കൂളിൽ സയൻസ് എക്സ്പോ 'ലൂമിയർ 2കെ 24' ഇന്ന് മുതൽ. എജ്യൂക്കേഷൻ എക്സ്പോയുടെ ഉദ്ഘാടനം രാവിലെ 11 ന് സ്കൂൾ അങ്കണത്തിൽ കോർപറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട് നിർവഹിക്കും. ചടങ്ങിൽ സ്കൂൾ മാനേജർ ഫാ. ജോർജ് കറുകമാലിൽ, കോടഞ്ചേരി പഞ്ചായത്ത് പ്രസിഡൻറ അലക്സ് തോമസ് ചെമ്പകശേരി, ജില്ലാ പഞ്ചായത്ത് മെമ്പർ ബോസ് ജേക്കബ്, വാർഡ് മെമ്പർ റോസമ്മ കയത്തിങ്കൽ എന്നിവർ പങ്കെടുക്കും. രാവിലെ 11 മുതൽ രാത്രി എട്ട് വരെയാണ് പ്രദർശനം.

രണ്ടാം ദിവസം രാവിലെ ഒന്പതിന് തുടങ്ങി വൈകിട്ട് അഞ്ചിന് അവസാനിക്കും. കണ്ടും കേട്ടും അനുഭവിച്ചും സ്വായത്തമാക്കിയ ശാസ്ത്രസത്യങ്ങളെ സാമൂഹ്യ പ്രതിബദ്ധതയിലൂന്നി സമൂഹനന്മയ്ക്കായുള്ള ലളിതവത്കരണമാണ് 'ലൂമിയർ 2കെ 24'. മണ്ണ് പരിശോധന, ജലപരിശോധന, മെഡിക്കൽ കോളജിൻറെ പാത്തോളജി അനാട്ടമി,പ്ലാനറ്റോറിയം, ഫോറൻസിക് ലാബ്, ഗണിതശാസ്ത്രസാമൂഹ്യശാസ്ത്ര വിഭാഗത്തിൽപ്പെട്ട 70 ഓളം സ്റ്റാളുകൾ, റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, ടേക്ക് ഓഫ് ആൻഡ് ലാൻഡിങ്ങ് ഓഫ് ഏറോപ്ലെയിൻ, ഫയർ ആൻഡ് സേഫ്റ്റി, ഫുഡ് ഫെസ്റ്റ് എന്നിവയുടെ വിവിധ സ്റ്റോളുകൾ 'ലൂമിയർ 2കെ 24' ൻറെ ഭാഗമായിരിക്കുമെന്ന് ഹെഡ് മിസ്ട്രസ്സ് ആൻസി തോമസ്, അധ്യാപകരായ ഷബീർ, അനുപമ, സിസ്റ്റർ അൽഫോൻസ്, പിടിഎ പ്രസിഡൻറ് ബിജു കാട്ടേക്കുടിയിൽ എന്നിവർ അറിയിച്ചു.

# കണിയാമ്പറ്റ കമ്പളക്കാട് ടൗണുകളിൽ ട്രാഫിക് പരിഷ്കരണം

കൽപ്പറ്റ: കണിയാന്പറ്റ കന്പളക്കാട് ടൗണുകളിൽ ട്രാഫിക് പരിഷ്കരണം നടപ്പിലാക്കും. കണിയാന്പറ്റ ജംഗ്ഷൻ മുതൽ മൈത്രി സൂപ്പർ മാർക്കറ്റ് വരെയുള്ള ഭാഗത്ത് വാഹനങ്ങൾ പാർക്ക്ചെയ്യാൻ പാടില്ല.

ഓട്ടോറിക്ഷ, ടാക്സി ജീപ്പ്, ഫോർവീൽ, ഗുഡ്സ്, കൊട്ട ജിപ്പ്, ഫോർവീൽ, ടൂ വീലർ പാർക്കിംഗിന് സ്ഥലങ്ങൾ അനുവദിച്ചു. കൽപ്പറ്റ ഭാഗത്തേക്ക് പോകുന്ന ബസുകൾ അൽ അമീൻ ഹോട്ടലിന് മുന്പിലുള്ള ബസ് സ്റ്റോപ്പിലും മാനന്തവാടി ഭാഗത്തേക്ക് പോകുന്നവ വില്ലേജ് ഓഫീസിന് മുന്പിലുള്ള ബസ് സ്റ്റോപ്പിലും പനമരത്ത് നിന്നും മീനങ്ങാടി ഭാഗത്തേക്ക് പോകുന്നവ ഫ്രെഷ് ബേക്കറി സമീപമുള്ള ബസ് സ്റ്റോപ്പിലും മീനങ്ങാടിയിൽ നിന്നും പനമരം ഭാഗത്തേക്ക് പോകുന്ന പ്രൈവറ്റ് ബസുകൾ കേരള ഗ്രാമീൺ ബാങ്കിന് മുന്പിലെ ബസ് സ്റ്റോപ്പിലും നിർത്തണം.

ടൗണിൽ വാഹനങ്ങളിലും നടപ്പാതയിലുമുള്ള അനധികൃത കച്ചവടം നിരോധിച്ചു. കന്പളക്കാട് ടൗണിൽ നോ പാർക്കിംഗ് ഭാഗങ്ങൾ മാർക്ക് ചെയ്ത് ബോർഡുകൾ സ്ഥാപിച്ചു.

രാവിലെ എട്ട് മുതൽ രാത്രി എട്ടു വരെയാണ് നോ പാർക്കിംഗ്. ഓട്ടോറിക്ഷ, ഫോർവീൽ ഓട്ടോ, ഗുഡ്സ് ഓട്ടോറിക്ഷ, ടൂറിസ്റ്റ് ടാക്സി ഗുഡ്സ് /കൊട്ട ജീപ്പ്, ട്രാക്ടറുകൾ, പിക്കപ്പുകൾ, പ്രൈവറ്റ് വാഹനങ്ങൾ, ടാക്സി ജീപ്പ്, ടൂ വീലർ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

കൽപ്പറ്റയിൽ നിന്നും പള്ളിക്കുന്ന് റോഡ് വഴി പോകുന്ന കെഎസ്ആർടിസി, പ്രൈവറ്റ് ബസുകൾ ടൗണിലെ അൻസാരിയ ജംഗ്ഷനുള്ള സ്റ്റോപ്പിലും പഞ്ചായത്ത് സ്റ്റാൻഡിലും കയറ്റി ഇറക്കിയതിനു ശേഷം പള്ളിക്കുന്ന് റോഡിലെ മുജഹിദ് പള്ളിക്ക് സമീപം ബസ് സ്റ്റോപ്പിൽ നിർത്തണം.

പള്ളിക്കുന്ന് ഭാഗത്തു നിന്നും വരുന്ന മുഴുവൻ കെഎസ്ആർടിസി പ്രൈവറ്റ് ബസുകളും എംപിഎം ബിൽഡിംഗ് ആരംഭത്തിൽ യാത്രക്കാരെ ഇറക്കി പഞ്ചായത്ത് സ്റ്റാൻഡിൽ കയറി ടൗണിലെ പള്ളിക്കു മുന്നിലെ ബസ് സ്റ്റോപ്പിൽ നിർത്തണം. കന്പളക്കാട് ടൗണിലെ പുതിയ ബസ് സ്റ്റാൻഡിൽ കെഎസ്ആർടിസി ബസുകളും പ്രൈവറ്റ് ബസുകളും ഒഴികെ മറ്റു വാഹനങ്ങൾ പ്രവേശിക്കാനോ പാർക്ക് ചെയ്യാനോ പാടില്ല.

കന്പളക്കാട് അങ്ങാടിയിൽ നിന്ന് പള്ളിക്കുന്ന് ഭാഗത്തേക്ക് പാരലൽ ടാക്സി ജീപ്പുകൾ സർവീസ് നടത്തും. കന്പളക്കാട് ടൗൺ ട്രാഫിക് പരിഷ്കരണത്തിൻറെ ഭാഗമായി ബോർഡുകൾ സ്ഥാപിച്ചു. കന്പളക്കാട് ഹൈമാസ്റ്റ് ലൈറ്റ് പോസ്റ്റുകൾ, ഇലക്ട്രിക് പോസ്റ്റുകൾ, കൊടികൾ, തണൽമരങ്ങൾ, ട്രാഫിക് ബോർഡുകൾ എന്നിവകളിൽ മറ്റു പരസ്യങ്ങൾ പതിക്കുന്നതും ഫ്ളക്സ് ബോർഡുകൾ തൂക്കുന്നതും നിരോധിച്ചു.

കന്പളക്കാട് ടൗണിലെ അനധികൃത കച്ചവടം വാഹനങ്ങളിലെയും നടപ്പാതയിലെയും അനധികൃത കച്ചവടം എന്നിവയും നിരോധിച്ചതായി കണിയാന്പറ്റ പഞ്ചായത്ത് അധികൃതർ അറിയിച്ചു.

## ഇ. വി. ശ്യാംരാജിന് ആദരം

ബളാന്തോട്: ബളാന്തോട് ജിഎച്ച്എസ്എസിൻറെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഇന്ത്യൻ ആർമി മുൻ കമാൻഡോയും മോട്ടിവേഷണൽ സ്പീക്കറുമായ ഇ. വി. ശ്യാംരാജിനെ ആദരിച്ചു.

ഇന്ത്യൻ ആർമി പാരച്യൂട്ട് റെജിമെൻറ് ചീഫ് കമാൻഡോ ആയ ശ്യാംരാജിന് രാജ്യസേവനത്തിനിടയിൽ നേരിട്ട അപകടത്തിൽ ശരീരത്തിൻറെ ചലന ശേഷി നഷ്ടപ്പെട്ടെങ്കിലും തളരാത്ത മനസുമായി അദ്ദേഹം ഇന്നും രാജ്യത്തുടനീളം സഞ്ചരിച്ചു പുതുതലമുറകൾക്ക് പ്രചോദനം നൽകി വരുന്നു. വിദ്യാർഥികളിൽ ആത്മവിശ്വാസവും കരുത്തും പകർന്നു നൽകുന്നതായിരുന്നു അദ്ദേഹത്തിൻറെ വാക്കുകൾ.

പിടിഎ പ്രസിഡൻറ് കെ. എൻ. വേണു അധ്യക്ഷത വഹിച്ചു. പ്ലാറ്റിനം ജൂബിലി ചെയർമാൻ എം. വി. കൃഷ്ണൻ, സാമൂഹ്യപ്രവർത്തകൻ സൂര്യനാരായണഭട്ട്, വാർഡ് മെംബർ കെ. കെ. വേണുഗോപാൽ, മുഖ്യാധ്യാപിക ടി. ആർ. സബിത, സി. കൃഷ്ണൻ നായർ, എക്സ് സർവീസ് മെൻ അസോസിയേഷൻ ഭാരവാഹികളായ പ്രസാദ് ഒ. നായർ, എം. മാത്യു എന്നിവർ പ്രസംഗിച്ചു. പ്രിൻസിപ്പൽ എം. ഗോവിന്ദൻ സ്വാഗതവും പ്രോഗ്രാം കമ്മിറ്റി കൺവീനർ ബിജു മല്ലപ്പള്ളി നന്ദിയും പറഞ്ഞു.

## വയനാട്ടിലെ വന്യജീവി ആക്രമണം തടയാൻ നടപടികളുമായി സർക്കാർ

കൽപ്പറ്റ: വയനാട്ടിൽ വന്യജീവി ആക്രമണം തുടർച്ചയായി ഉണ്ടാകുന്ന സാഹചര്യത്തിൽ അത് തടയാനുള്ള നടപടികളുമായി സംസ്ഥാന സർക്കാർ. മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ഇതുമായി ബന്ധപ്പെട്ട് ഉന്നതതല യോഗം ചേർന്നു.

ജനങ്ങൾക്ക് സംരക്ഷണം നൽകാനുള്ള എല്ലാ നടപടികളും കൈക്കൊള്ളുമെന്ന് മുഖ്യമന്ത്രി യോഗത്തിൽ പറഞ്ഞു. അന്തർസംസ്ഥാന വന്യജീവി പ്രശ്നങ്ങൾ ഏകോപിപ്പിക്കാൻ കേരള, കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലെ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ ഒരു സമിതി രൂപീകരിക്കും. നിലവിലുള്ള അന്തർസംസ്ഥാന ഔദ്യോഗികതല യോഗം ഉടൻ ചേരും.

വന്യജീവികളെ നേരിടുന്നതുമായി ബന്ധപ്പെട്ട നിയമപ്രശ്നങ്ങൾ നിയമവകുപ്പും അഡ്വക്കേറ്റ് ജനറലും പരിശോധിക്കും. വയനാട്ടിൽ റവന്യു, പോലീസ്, ഫോറസ്റ്റ് വകുപ്പുകൾ ചേർന്ന് കമാൻഡ് കൺട്രോൾ സെൻറർ കൊണ്ടുവരും. രണ്ടു പുതിയ ആർആർടികൾ ഉടൻ പ്രവർത്തനമാരംഭിക്കും. മുന്നറിയിപ്പ് സംവിധാനം ശക്തിപ്പെടുത്തും. ആനയുടെയും മറ്റു വന്യമൃഗങ്ങളുടെയും വിവരങ്ങൾ അറിയിക്കാൻ പബ്ലിക് അഡ്രസ് സിസ്റ്റം കൊണ്ടുവരും. ഇതിന് പോലീസ്, വനം വകുപ്പ് സംവിധാനങ്ങൾ ഉപയോഗപ്പെടുത്തും. നിരീക്ഷണത്തിന് ആവശ്യമായ കൂടുതൽ ഉപകരണങ്ങൾ ഉടൻ സജ്ജമാക്കും. വന്യജീവി ആക്രമണത്തിൽ അവശേഷിക്കുന്ന നഷ്ടപരിഹാരം കൊടുത്തുതീർക്കും. മരിച്ചവരുടെ കുടുംബങ്ങൾക്ക് നൽകാനുള്ള കുടിശിക ഉടൻ നൽകാനും മുഖ്യമന്ത്രി നിർദേശിച്ചു.

അതിർത്തിയിൽ തുടർച്ചയായി നിരീക്ഷണം നടത്താൻ പ്രത്യേക ടീമിനെ നിയോഗിക്കും. 15ന് രാവിലെ വയനാട്ടിലെ ജനപ്രതിനിധികളുമായി തിരുവനന്തപുരത്ത് മുഖ്യമന്ത്രി ചർച്ച നടത്തും. യോഗത്തിൽ വനംമന്ത്രി എ. കെ. ശശീന്ദ്രൻ, ചീഫ് സെക്രട്ടറി ഡോ. വി. വേണു, വനംവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, സംസ്ഥാന പോലീസ് മേധാവി ഷേക്ക് ദർവേഷ് സാഹിബ്, വനംവകുപ്പ് മേധാവി ഗംഗ സിംഗ്, നിയമവകുപ്പ് സെക്രട്ടറി കെ. ജി. സനൽകുമാർ, റവന്യു പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ പി. പുകഴേന്തി തുടങ്ങിയവർ പങ്കെടുത്തു.

## ചിറകളിലെ മത്സ്യക്കൃഷി പദ്ധതിക്ക് തുടക്കമായി

നീലേശ്വരം: ഫിഷറീസ് വകുപ്പിൻറെ ചിറകളിലെ മത്സ്യക്കൃഷി പദ്ധതി ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ബേബി ബാലകൃഷ്ണൻ കരിമീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു കൊണ്ട് നിർവഹിച്ചു. ജലാശയങ്ങളിൽ പരിസ്ഥിതി സൗഹാർദ രീതിയിൽ താത്കാലിക ചിറകൾ കെട്ടിയും തദ്ദേശീയ മത്സ്യവിത്തുകൾ നിക്ഷേപിച്ചും ശാസ്ത്രീയ പരിപാലന മുറകളിലൂടെ വളർത്തിയെടുക്കുന്ന പദ്ധതിക്കാണ് ജില്ലയിൽ നീലേശ്വരത്ത് ആദ്യമായി തുടക്കം കുറിച്ചത്.

കടിഞ്ഞിമൂല തേജസ്വിനി സ്വയം സഹായ സംഘമാണ് പദ്ധതി ഗുണഭോക്താക്കളായി കൃഷി ഏറ്റെടുത്തിരിക്കുന്നത്. ഫിഷറീസ് വകുപ്പ് മുഖേന 10, 000 കരിമീൻ കുഞ്ഞുങ്ങളെ ആണ് ഒരു ഹെക്ടർ വിസ്തൃതിയുള്ള ചിറയിൽ നിക്ഷേപിച്ചത്. നഗരസഭ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ വി. ഗൗരി അധ്യക്ഷത വഹിച്ചു.

കൗൺസിലർമാരായ പി. കെ. ലത, വിനു നിലാവ്, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ എസ്. ഐശ്വര്യ എന്നിവർ പ്രസംഗിച്ചു. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കെ. എ. ലബീബ് സ്വാഗതവും കൗൺസിലർ എം. വിനയരാജൻ നന്ദിയും പറഞ്ഞു.

## ഉത്സവതോരണങ്ങൾ കെട്ടുന്നതിനിടെ ബൈക്കിലെത്തിയ സംഘം യുവാവിനെ വെട്ടിപ്പരിക്കേല്പിച്ചു

പേരാമംഗലം: പേരാമംഗലം തെച്ചിക്കോട്ടുകാവിൽ ഉത്സവതോരണങ്ങൾ കെട്ടുന്നതിനിടയിൽ രണ്ടംഗസംഘം യുവാവിനെ ആക്രമിച്ചു.

തലയ്ക്കു പിന്നിൽ വെട്ടേറ്റ യുവാവിനെ അമല ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പേരാമംഗലം നെല്ലിപ്പറമ്പിൽ കേശവൻറെ മകൻ ദിലീപി(44)നാണ് വെട്ടേറ്റത്. പരിക്ക് ഗുരുതരമല്ല. തിങ്കളാഴ്ച പുലർച്ചെ ഒരുമണിയോടെ അനുഗ്രഹ നഗറിനടുത്തായിരുന്നു സംഭവം. തെച്ചിക്കോട്ടുകാവ് ഉത്സവ ആഘോഷത്തിനായി തോരണങ്ങൾ കെട്ടുകയായിരുന്നു ദിലീപും സുഹൃത്തുക്കളും.

ബൈക്കിലെത്തിയ പേരാമംഗലം ഹരിശീനഗർ പാണ്ടിയത്ത് അതുൽ(25), പേരാമംഗലം തോട്ടപ്പുള്ളി വീട്ടിൽ രാഹുൽ(24) എന്നിവരാണ് അക്രമിച്ചത്. ഇവര്ക്കെതിരെ പേരാമംഗലം പോലീസ് കൊലപാതകശ്രമത്തിന് കേസെടുത്തു. ഇവർ ഒളിവിലാണെന്നും ഇവർക്കെതിരെ ഒന്നിലധികം കേസുകളുണ്ടെന്നും പോലീസ് പറഞ്ഞു.

## ഭവനപദ്ധതിയിലെ ഏഴാമത്തെ വീട് കൈമാറി

ചെന്ത്രാപ്പിന്നി: ചിറയ്ക്കൽ മഹല്ല് മജ്‌ലിസ്സുന്നൂർ, എസവൈഎസ്, എസ്കെഎസ്എസ്എഫ് കോഓർഡിനേഷൻ കമ്മിറ്റിയുടെ ബൈത്തുന്നൂർ ഭവന പദ്ധതിയിലെ ഏഴാമത്തെ വീട് കൈമാറി. ചെന്ത്രാപ്പിന്നി ഈസ്റ്റിൽ നടന്ന ചടങ്ങിൽ സയ്യിദ് സൈഫുദ്ദീൻ തങ്ങൾ ഫൈസി വീടിൻറെ താക്കോൽ കൈമാറ്റം നിർവഹിച്ചു. ബൈത്തുന്നൂർ ചെയർമാൻ ഷുക്കൂർ പുളിന്തറ അധ്യക്ഷനായി. സയിദ് നജീബ് തങ്ങൾ പുതിയ വീടിൻറെ പാൽകാച്ചൽ ചടങ്ങിനും, അലിഅക്ബർ ഫൈസി മൗലിദ് പാരായണത്തിനും നേതൃത്വം നൽകി.

മജ്‌ലിസ് സുന്നൂർ അമീർ ഹാഫിള് ഡോ. അഹമ്മദ് നൗഫൽ റഹ്മാനി, കോഓർഡിനേറ്റർ പി. കെ. മൂസാൻ, മുഹമ്മദ് ഷാക്കിർ റഹ്മാനി, മുബാറക് റഹ്മാനി, പി. കെ. ഷറഫുദ്ദീൻ, അഷ്റഫ് വടേക്കാരൻ, ഇഖ്ബാൽ, ഷെരീഫ്, റഫീഖ്, ഇബ്രാഹിം കറുകത്തല തുടങ്ങിയവർ സന്നിഹിതരായിരുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers,
TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



ഓർമ്മത്തോണി പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ കൈപുസ്തകം കോട്ടൺ ഹിൽ സ്കൂളിലെ വിദ്യാർഥികളായ ദിയ സലിനും ലിയ സലിനും നൽകി മന്ത്രി ഡോ. ആർ. ബിന്ദു പ്രകാശനം ചെയ്യുന്നു.

# സാമൂഹിക സാംസ്കാരിക മുന്നേറ്റങ്ങൾ മലപ്പുറം സാധ്യമാക്കിയത് വിദ്യാഭ്യാസത്തിലൂടെ: മന്ത്രി വി. അബ്ദുറഹ്മാൻ

മഞ്ചേരി: വർത്തമാനകാലത്ത് കേരളത്തിലെ മികച്ച വിദ്യാഭ്യാസം നൽകുന്ന ഇടമായി മലപ്പുറം മാറിയതും സാമൂഹിക സാംസ്കാരിക മുന്നേറ്റങ്ങൾ സാധ്യമാക്കിയതും വിദ്യാഭ്യാസ മുന്നേറ്റത്തിലൂടെയാണെന്നു കേരള ഹജ്ജ് വഖഫ് കായിക മന്ത്രി വി. അബ്ദുറഹ്മാൻ. ഐസിഎസ് ഇംഗ്ലീഷ് സ്കൂളിൽ നടന്ന 'ഇവോൾവിംഗ് ഐസിഎസ്' പ്രൊജക്ട് ലോഞ്ചിംഗ് നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പാവപ്പെട്ടവർക്ക് സൗജന്യ വിദ്യാഭ്യാസം നൽകുന്ന ഐസിഎസിൻറെ പ്രവർത്തനങ്ങൾ ലോകത്തിനു തന്നെ മാതൃകയാണ്. മികച്ച വിദ്യാഭ്യാസം രാജ്യത്തിനു പരിചയപ്പെടുത്തിയത് കേരളമാണെന്നും ഇവിടുത്തെ കുട്ടികൾ ജീവിതത്തിൻറെയും സംസ്കാരത്തിൻറെയും ഭാഗമായാണ് വിദ്യാഭ്യാസത്തെ കാണുന്നതെന്നും അദ്ദേഹം പറഞ്ഞു.

വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി ഉദ്ഘാടനം ചെയ്ത പരിപാടിയിൽ മമ്മു ഹാജി അധ്യക്ഷത വഹിച്ചു. മികച്ച വിദ്യാഭ്യാസം വിദ്യാർഥികൾക്കു ഉറപ്പു നൽകുന്ന ഐസിഎസ് ഇംഗ്ലീഷ് സ്കൂൾ പാഠ്യപാഠ്യേതര വിഷയങ്ങളിൽ വിദ്യാർഥികളെ ഉയർത്തികൊണ്ടു വരുന്നതിനാണ് ഇവോൾവിംഗ് ഐസിഎസ് പ്രൊജക്ട് ലോഞ്ച് ചെയ്തത്.

ഖുറാൻ തിയേറ്റർ, എഐ ലാബ്, സ്റ്റം ലാബ്, ഡിജിറ്റൽ ലൈബ്രറി, ഐടി ലാബ്, മിനി കോൺഫറൻസ് ഹാൾ, ഐസിടി ആൻഡ് സ്പോർട്സ് അക്കാഡമി, സ്മാർട്ട് ബിബി ക്ലാസ്റൂം തുടങ്ങി നിരവധി പദ്ധതികളാണ് ഇവോൾവിംഗ് ഐസിഎസിൻറെ ഭാഗമായുള്ളത്. ലോഞ്ചിംഗ് പ്രോഗ്രാമിൻറെ ഭാഗമായുള്ള ഗ്രാൻറ് പാരൻറ്സ് മീറ്റിൽ സമദ് മാസ്റ്റർ യൂണിവേഴ്സിറ്റി ക്ലാസിന് നേതൃത്വം നൽകി.

സയ്യിദ് ഹൈദരലി തങ്ങൾ എടവണ്ണ, സയ്യിദ് ഹബീബ് കോയ തങ്ങൾ, ഐസിഎസ് പ്രിൻസിപ്പൽ ഫൈസൽ കോട്ടപ്പുറം, വി.എം. ഷൗക്കത്ത്, വാർഡ് മെംബർ കളത്തിങ്ങൽ സാബിരി, റസാഖ്ഹാജി, അബ്ദു എളങ്കൂർ, വി. പി. അബ്ദുള്ള, നഈം സഖാഫി വണ്ടൂർ, അബ്ദുൾകബീർ പുന്നകുന്നുമ്മൽ തുടങ്ങിയവർ പ്രസംഗിച്ചു.

# മലയോരപാത: രണ്ടാം റീച്ചിൽ വനഭൂമി വിട്ടുകിട്ടാൻ അപേക്ഷ നൽകി

എടക്കര: മലയോരപാതയുടെ രണ്ടാമത്തെ റീച്ചായ പാലുണ്ട മുതൽ മുണ്ടേരി വരെയുള്ള ഭാഗങ്ങളിൽ വനഭൂമി വിട്ടുകിട്ടുന്നതിന് പൊതുമരാമത്ത് വകുപ്പ് പരിവേഷ് പോർട്ടലിൽ അപേക്ഷ നൽകി.

ഇതിൻറെ ഭാഗമായി അടുത്ത ദിവസം ജോയിൻറ് സർവേ സംഘം മുമ്പു നടത്തിയ സർവേ പോയിൻറുകൾ മാർക്ക് ചെയ്ത് നൽകും. തുടർന്നു റോഡിനായി വിട്ടുനൽകുന്ന നാലുമീറ്റർ വനഭൂമിയിൽ നിന്നു മുറിച്ചു മാറ്റേണ്ട മരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി വനം സിസിഎഫിന് റിപ്പോർട്ട് സമർപ്പിക്കും.

എട്ടുമീറ്റർ വീതിയിൽ നിലവിൽ റോഡുണ്ടെന്നും നാലു മീറ്റർ വനഭൂമി വിട്ടുകൊടുത്താൽ നിലവിലെ പാരിസ്ഥിതിക പ്രശ്നങ്ങൾക്കു പുറമെ മറ്റു പ്രശ്നങ്ങൾ ഉണ്ടാകില്ലെന്നും കാണിച്ച് വനം വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചാൽ ഒരു മാസത്തിനകം വനഭൂമി വിട്ടുകിട്ടും.

0. 34 ഹെക്ടർ ഭൂമി മാത്രമാണ് മലയോര പാതയുടെ ചാത്തംമുണ്ട മുണ്ടേരി റീച്ചിൽ വനഭൂമി വിട്ടുനൽകേണ്ടത്. പതിനായിരം എം സ്ക്വയറിൽ താഴെയായതിനാൽ സംസ്ഥാന സർക്കാരിനു തന്നെ ഭൂമി വിട്ടുനൽകാൻ കഴിയും.

മുമ്പു പൊതുമരാമത്ത് വകുപ്പ് നൽകിയ അപേക്ഷയിൽ മലയോരപാത മലപ്പുറം ജില്ലയിൽ കൂടി കടന്നുപോകുന്ന ഭാഗങ്ങളിൽ വിട്ടുകിട്ടേണ്ട മുഴുവൻ ഭൂമിക്കുമായാണ് അപേക്ഷ നൽകിയത്.

മുണ്ടേരി മുതൽ വയനാട് ജില്ലയിലെ മേപ്പാടി വഴിയാണ് മലയോരപാതയുടെ അലൈൻമെൻറ് നിശ്ചയിച്ചിരുന്നത്. ഇതിന് ഇരുപത്തിയഞ്ച് ഹെക്ടറോളം വനഭൂമി വിട്ടുകിട്ടേണ്ടതായുണ്ട്. ഇത്രയും കൂടുതൽ വനഭൂമി വിട്ടുകിട്ടണമെങ്കിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൻറെ അനുമതി ആവശ്യമാണ്.

ഇക്കാരണത്താലാണ് മലയോര പാതയ്ക്കായി വനഭൂമി വിട്ടുകിട്ടാൻ കാലതാമസമുണ്ടായത്. എന്നാലിപ്പോൾ ഓരോ റീച്ചിനും ആവശ്യമായ വനഭൂമിക്കായാണ് പൊതുമരാമത്ത് വകുപ്പ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. മുണ്ടേരി ഫാം ഗേറ്റ് വരെയാണ് നിലവിൽ പാത എത്തി നിൽക്കുന്നത്.

എട്ടു മീറ്റർ വീതിയുള്ള റോഡ് ചാത്തംമുണ്ട മുതൽ മുണ്ടേരി വരെയുള്ള ഭാഗങ്ങളിൽ പന്ത്രണ്ടു മീറ്റർ വീതിയിൽ നിർമാണം നടത്തിക്കഴിഞ്ഞു.

എന്നാൽ പോത്തുകൽ മുതലുള്ള ഭാഗങ്ങളിൽ വനഭൂമി വിട്ടുകിട്ടാത്തതിനാൽ നിർമാണ പ്രവൃത്തികൾ നടത്താനായില്ല. ഇതോടെ പ്രവൃത്തി നിർത്തി കാരാറുകാരായ ഊരാളുങ്കൽ ലേബർ സൊസൈറ്റി മടങ്ങിയിട്ട് മാസങ്ങളായി. വനഭൂമി വിട്ടുകിട്ടിയാൽ ഉടൻ പ്രവൃത്തി ആരംഭിക്കുമെന്നു കരാറുകാർ അറിയിച്ചിട്ടുണ്ട്.

# 'പോലീസിൻെറ അടിസ്ഥാന ശമ്പളം ഹോം ഗാർഡുകൾക്കും ലഭ്യമാക്കണം'

മലപ്പുറം: പോലീസിൻറെ അടിസ്ഥാന ശമ്പളം ഹോം ഗാർഡുകൾക്കും ലഭ്യമാക്കണമെന്ന് കേരള ഹോം ഗാർഡ് അസോസിയേഷൻ ജില്ലാ വാർഷിക സമ്മേളനം ആവശ്യപ്പെട്ടു. മലപ്പുറം ഫയർ ആൻഡ് റസ്ക്യൂ ഓഫീസർ വി. കെ. അബ്ദുൾ സലീം സമ്മേളനം ഉദ്ഘാടനം ചെയ്തു.

ജില്ലാ പ്രസിഡൻറ് ശ്രീകുമാർ മേലാറ്റൂർ അധ്യക്ഷത വഹിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറി എസ്. ജയകുമാർ മുഖ്യാതിഥിയായിരുന്നു. ജില്ലാ സെക്രട്ടറി ടി. വി. ശിവദാസൻ അവതരിപ്പിച്ച പ്രവർത്തന റിപ്പോർട്ടും ട്രഷറർ കെ. കെ. ബാലചന്ദ്രൻ അവതരിപ്പിച്ച വരവുചെലവു കണക്കും ചർച്ചകൾക്ക് ശേഷം സമ്മേളനം അംഗീകരിച്ചു.

കേന്ദ്രആഭ്യന്തര മന്ത്രാലയത്തിൻറെ അവാർഡ് നേടിയസി വി. അശോകൻ, കെ. കെ. ബാലചന്ദ്രൻനായർ, ഉന്നത വിദ്യാഭ്യാസത്തിൽ റാങ്ക് നേടിയ അംഗങ്ങളുടെ മക്കളായ ആർ. കെ. അർച്ചന, എം. പി. ആര്യ, ബെസ്റ്റ് ഹോം ഗാർഡുകളായി തെരഞ്ഞെടുക്കപ്പെട്ടവർ എന്നിവരെ സമ്മേളനം അനുമോദിച്ചു.

ഹോം ഗാർഡുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ക്ഷേമകാര്യങ്ങൾക്കുമായി റീജണൽ ഫയർ ഓഫീസർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻറെ കീഴിൽ ഹോം ഗാർഡ് പ്രതിനിധികളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുക, ഫയർ സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന ഹോം ഗാർഡുകൾക്ക് സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുക തുടങ്ങിയ പ്രമേയങ്ങളും സമ്മേളനം പാസാക്കി. പുതിയ ഭാരവാഹികളായി കെ. ശ്രീകുമാർ (പ്രസിഡൻറ്), കെ. കെ. ബാലചന്ദ്രൻ നായർ (സെക്രട്ടറി), സി. കെ. മുരളീധരൻ (ട്രഷറർ) എന്നിവരെ സമ്മേളനം തെരഞ്ഞെടുത്തു.

# ടെട്രോ പാഡ് ഭിത്തിക്കായി ഉന്നതതല യോഗം ചേരും: മന്ത്രി റോഷി അഗസ്റ്റിൻ

ശ്രീനാരായണപുരം: നിയോജക മണ്ഡലത്തിലെ കടൽതീരത്ത് കടലാക്രമണത്തിൻറെ തോത് കണക്കാക്കി ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുന്ന ഭാഗങ്ങളിൽ ടെട്രോ പാഡ് ഭിത്തി സജ്ജീകരിക്കുന്നതിനായി ഉന്നതതല യോഗം വിളിച്ചു ചേർക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. കയ്പമംഗലത്തിൻറെ തീരസംരക്ഷണത്തിനായി നിയമസഭ സമ്മേളനത്തിൽ ഇ. ടി. ടൈസൺ എംഎൽഎ അവതരിപ്പിച്ച സബ്മിഷന് മറുപടി പറയുകയായിരുന്നു മന്ത്രി. 2021 22 സാമ്പത്തിക വർഷത്തിൽ എട്ടു പ്രവൃത്തികൾക്കായി 104.17ലക്ഷം രൂപയുടെ ഭരണാനുമതിയിൽ ഏഴു പ്രവൃത്തികൾ പൂർത്തീകരിച്ചു. 202223 സാമ്പത്തിക വർഷത്തിൽ നാലു പ്രവൃത്തികൾക്കായി 106.4 ലക്ഷം രൂപയുടെ ഭരണാനുമതിയിൽ രണ്ടു പ്രവൃത്തികൾ പൂർത്തീകരിച്ചു. 2023 24 സാമ്പത്തിക വർഷത്തിൽ അഞ്ചു പ്രവൃത്തികൾക്കായി 61 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി എല്ലാം പൂർത്തീകരിച്ചതായും മന്ത്രി അറിയിച്ചു.

കേരളത്തിൻറെ തീരപ്രദേശങ്ങളിൽ ആവർത്തിച്ചുണ്ടാകുന്ന കടൽക്ഷോഭത്തെക്കുറിച്ച് പഠിക്കുന്നതിനായി കേന്ദ്ര ജല കമ്മീഷൻ, ഐഐടി ചെന്നൈ, ജലസേചന വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ വിശദമായ സ്ഥലപരിശോധനയും വിവരശേഖരണവും നടത്തി. ഇതിൻറെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തീരസംരക്ഷണം അത്യാവശ്യമായ 10 ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി. അവയിലൊന്നാണു തൃശൂർ ജില്ലയിലെ കയ്പമംഗലം നിയോജകമണ്ഡലത്തിലെ തീരപ്രദേശ ഭാഗം.

രൂപരേഖ തയാറാക്കുന്നതിനും അധികവിവരങ്ങൾ ആവശ്യപ്പെടുകയും യുദ്ധകാല അടിസ്ഥാനത്തിൽ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും ഈ വിഷയത്തിൻറെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് എൻസിസിആർ പ്രതിനിധികളെ പങ്കെടുപ്പിച്ച് കഴിഞ്ഞ മാസം 31 നു ചർച്ച നടത്തിയിട്ടുണ്ടെന്നും ഡിസൈൻ എത്രയും വേഗം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതായും മന്ത്രി അറിയിച്ചു. പഠന റിപ്പോർട്ട് ലഭ്യമായാൽ ഉടൻ തന്നെ ഉന്നത തലയോഗം വിളിച്ചുചേർത്ത് തുടർനടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു.

# കായിക രംഗത്ത് പതിനായിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കും'

പൊന്നാനി: കായിക രംഗത്ത് 202425 സാമ്പത്തിക വർഷത്തിൽ കായിക അധ്യാപകർ, പരിശീലകർ ഉൾപ്പെടെ പതിനായിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹ്മാൻ.

പൊറൂക്കര യാസ്പോ മൈതാനിയിൽ ലിറ്റിൽ കിക്കേഴ്സ് ഫുട്ബോൾ പരിശീലന പദ്ധതിയുടെ പുതിയ ബാച്ചിൻറെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. താഴെതട്ടിൽ നിന്നു കായിക പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. 1500 കോടി രൂപ ഏഴു വർഷത്തിനുള്ളിൽ കായിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ ചെലവഴിച്ചിട്ടുണ്ട്.

കേരളത്തിൽ കായിക മേഖലയിൽ 5000 കോടിയുടെ സ്വകാര്യ നിക്ഷേപം കൂടെ വരുന്നതോടെ കായിക പ്രവർത്തനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാകും.

അടിസ്ഥാന സൗകര്യങ്ങൾ, കായിക മേഖലയുമായി ബന്ധപ്പെട്ട വ്യവസായം, പുതിയ ലീഗുകൾ, കായിക സ്റ്റാർട്ട് അപ്പുകൾ, അക്കാഡമി എന്നീ രംഗങ്ങളിലേക്കാണ് നിക്ഷേപം. പതിനായിരത്തിലധികം തൊഴിൽ അവസരങ്ങൾ ഇതിലൂടെ സൃഷ്ടിക്കപ്പെടുമെന്നും അദ്ദേഹം പറഞ്ഞു.

പൊന്നാനി ബ്ലോക്ക് പഞ്ചായത്തും യാസ്പോ സ്പോർട്സ് അക്കാഡമിയുമായി സഹകരിച്ചാണ് പരിശീലന പദ്ധതി നടപ്പാക്കുന്നത്. പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള കുട്ടികളെ സെലക്ഷൻ ട്രയലിലൂടെ തെരഞ്ഞെടുത്ത് കേന്ദ്രീകൃത പരിശീലനത്തിലൂടെ മികച്ച ഫുട്ബോൾ പ്രതിഭകളാക്കുന്നതോടൊപ്പം 202425 വർഷത്തോടെ ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ കുട്ടികളുടെ മികച്ച ഫുട്ബോൾ ടീം വാർത്തെടുക്കുന്നതിനുമാണ് പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ചത്.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സി. രാമകൃഷ്ണൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡൻറ് അഡ്വ. ഗായത്രി, പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ പ്രേമലത, എൻ. ആർ അനീഷ്, ക്ഷമ റഫീഖ്,

# തൊഴിൽ തർക്കം പരിഹരിച്ചു; എൽസ്റ്റൺ എസ്റ്റേറ്റ് മാർച്ച് ഒന്നിന് തുറക്കും

കൽപ്പറ്റ: തൊഴിൽതർക്കത്തെ തുടർന്ന് പൂട്ടികിടന്ന് കൽപ്പറ്റ എൽസ്റ്റൺ എസ്റ്റേറ്റ് മാർച്ച് ഒന്നിന് തുറന്ന് പ്രവർത്തിക്കാൻ തീരുമാനമായി. തൊഴിൽ മന്ത്രി വി. ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന തൊഴിലാളി സംഘടനാ മാനേജ്മെൻറ് പ്രതിനിധികളുടെ യോഗത്തിലാണ് തീരുമാനം.

തൊഴിലാളികളുടെ ശന്പള കുടിശിക മുഴുവനും മാർച്ച് 10നകവും ബോണസ് ഏപ്രിൽ ഏഴിനകവും കൊടുത്തുതീർക്കും. ഇതിനോടകം പിരിഞ്ഞുപോയ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി ഗുരുതരരോഗം ബാധിച്ചവർക്കും മറ്റ് അവശതകളുള്ളവർക്കും രണ്ടുമാസത്തിനകവും മറ്റുള്ളവർക്ക് നാലുമാസത്തിനകവും നൽകാനും യോഗത്തിൽ തീരുമാനിച്ചു.

യോഗത്തിൽ ടി. സിദ്ദിഖ് എംഎൽഎ, തൊഴിൽ വകുപ്പ് സെക്രട്ടറി സൗരഭ് ജെയിൽ, ലേബർ കമ്മിഷണർ ഡോ. കെ. വാസുകി, അഡീ ലേബർ കമ്മിഷണർ കെ. ശ്രീലാൽ, തൊഴിലാളി സംഘടനകളെ പ്രതിനിധീകരിച്ച് സിഐടിയു ജില്ലാ ട്രഷറർ പി. ഗഗാറിൻ, സി. എച്ച്. മമ്മി, യു. കരുണൻ (സിഐടിയു), പി. പി. ആലി (ഐഎൻടിയുസി),

# വന്യജീവി ആക്രമണം; എ.കെ ശശീന്ദ്രൻ രാജി വയ്ക്കണമെന്ന്

താമരശേരി: വയനാട് ജില്ലയിൽ വന്യജീവി ആക്രമണം കാരണം നിരന്തരം ആളുകൾ മരിക്കാൻ ഇടയാകുന്നതിൻറെ ധാർമിക ഉത്തരവാദിത്വം ഏറ്റെടുത്ത് വനംവകുപ്പ് മന്ത്രി എ. കെ. ശശീന്ദ്രൻ ഉടൻ രാജി വയ്ക്കണമെന്ന് കർഷക കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡൻറ് പി. സി. ഹബീബ് തമ്പി പ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു.

സംസ്ഥാനത്ത് ആനയുൾപ്പെടെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ എണ്ണം ദിനംപ്രതി വർധിക്കുകയാണ്. ഈ വർഷം ഇതുവരെ അഞ്ചു പേർക്കാണ് കാട്ടാനകളുടെ ആക്രമണത്തിൽ മാത്രം ജീവൻ നഷ്ടപ്പെട്ടത്.

സംസ്ഥാനത്ത് മനുഷ്യരും വന്യമൃഗങ്ങളുമായുള്ള സംഘർഷം പരിഹരിക്കാൻ ഹൈക്കോടതി നിർദേശപ്രകാരം രൂപീകരിച്ച വിദഗ്ധസമിതി പതിവായി യോഗങ്ങൾ വിളിക്കുന്നുണ്ടെങ്കിലും സർക്കാർ സംവിധാനങ്ങളുടെ നിഷ്ക്രിയത്വം മൂലം പ്രവർത്തനം നിലച്ച നിലയിലാണ്. ഈ അവസ്ഥയ്ക്ക് ഉടൻ പരിഹാരം ഉണ്ടാവണം. ഇനിയും അധികൃതർ നിസംഗത തുടർന്നാൽ അതിശക്തമായ പ്രക്ഷോഭം നേരിടേണ്ടി വരുമെന്നും അദ്ദേഹം വ്യക്തമാക്കി.

# പെരുമ്പട്ട ഗവ. എൽപി സ്കൂളിൻെറ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി

പെരുമ്പട്ട: പെരുമ്പട്ട കെ. പി. അബ്ദുള്ള സാഹിബ് സ്മാരക ഗവ. എൽപി സ്കൂളിൻറെ പ്ലാറ്റിനം ജൂബിലി ആഘോഷ പരിപാടികളുടെ ഉദ്ഘാടനം എം. രാജഗോപാലൻ എംഎൽഎ നിർവഹിച്ചു. വെസ്റ്റ് എളേരി പഞ്ചായത്ത് വൈസ് പ്രസിഡൻറ് പി. സി. ഇസ്മായിൽ അധ്യക്ഷനായി.

പഞ്ചായത്തംഗം റൈഹാനത്ത്, എം. ഹനീഫ, പി. പി. ഷിബു, മുഖ്യാധ്യാപകൻ എ. ജയദേവൻ, പിടിഎ പ്രസിഡൻറ് കെ. എം. അഷ്റഫ്, എസ്എംസി ചെയർമാൻ എം. സി. സലാം ഹാജി, എംപിടിഎ പ്രസിഡൻറ് ഉമ്മു ഹബീബ, എ. വി. അബ്ദുൾ ഖാദർ, എ. സി. റഷീദ്, എം. ഉസ്മാൻ, ചന്ദ്രൻ കക്കോട്, പി. പി. സി. സുഹൈൽ, എം. സി. അബ്ദുള്ള, ഡോ. യൂസഫ് ആമത്തല എന്നിവർ പ്രസംഗിച്ചു.

പ്ലാറ്റിനം ജൂബിലി ആഘോഷപരിപാടികളുടെ ലോഗോ തയാറാക്കിയ ഷഫീഖ് കണ്ണംകുളത്തിന് എംഎൽഎ ഉപഹാരം നൽകി. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികളും അജയൻ കടുമേനിയും സംഘവും അവതരിപ്പിച്ച ഗാനമേളയും നടന്നു.

# പത്താം ക്ലാസുകാരിയുടെ വയറ്റിൽ രണ്ടു കിലോ മുടിക്കെട്ട്

കോഴിക്കോട്: പാലക്കാട് സ്വദേശിനിയായ പത്താം ക്ലാസുകാരിയുടെ വയറ്റിൽനിന്നു രണ്ടു കിലോ ഭാരമുള്ള ഭീമൻ മുടിക്കെട്ട് നീക്കം ചെയ്തു.

വയറ്റിൽ ചെറിയ മുഴയും വിളർച്ചയും ഭക്ഷണത്തോടുള്ള വിമുഖതയുമായിട്ടാണ് പെൺകുട്ടി കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സ തേടിയത്. തുടർന്നു സ്കാനിംഗ് നടത്തിയപ്പോൾ തന്നെ ട്രൈക്കോ ബിസയർ എന്ന രോഗാവസ്ഥയാണെന്ന് സംശയം തോന്നിയെങ്കിലും എൻഡോസ്കോപ്പിയിലൂടെയാണ് സ്ഥിരീകരിച്ചത്. തുടർന്ന് സർജറി വിഭാഗം പ്രഫസർ ഡോ. വൈ. ഷാജഹാൻറെ നേതൃത്വത്തിൽ മുടിക്കെട്ട് നീക്കം ചെയ്യുന്നതിനുള്ള അത്യപൂർവ ശസ്ത്രക്രിയ നടത്തി പുറത്തെടുത്തു.

കടിക്കുകയും, വിരലിൽ ചുറ്റി വിഴുങ്ങുകയും ചെയ്ത മുടി ആമാശയത്തിനുള്ളിൽ കെട്ടുപിണഞ്ഞ് കിടക്കുകയായിരുന്നു. ചെറുകുടലിലേക്ക് ഇവ എത്തുന്ന അവസ്ഥയിലേക്കു മാറുന്ന സാഹചര്യത്തിലാണ് ചികിത്സ തേടിയത്.

ആശുപത്രിയിൽ എത്തുന്നതുവരെ കുട്ടിയുടെ രോഗത്തെ കുറിച്ച് മാതാപിതാക്കൾക്കും ധാരണയുണ്ടായിരുന്നില്ല. വർഷങ്ങൾ കൊണ്ട് കടിച്ചു വയറ്റിലെത്തിയ തലമുടിക്കെട്ട് 15 സെൻറിമീറ്റർ വീതിയിലും 30 സെൻറിമീറ്റർ നീളത്തിലുമാണ് ആമാശയത്തിൽ ചുറ്റിപ്പിണഞ്ഞ് കിടന്നിരുന്നത്.

# മുട്ടക്കോഴി, ന്യൂട്രീഷ്യൻ ഗാർഡൻ കിറ്റ് വിതരണം നടത്തി

അങ്ങാടിപ്പുറം: പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് നിർവഹണ ഏജൻസിയായി നടപ്പാക്കുന്ന പിഎംകെഎസ് വൈ 2.0 (നീർത്തട ഘടകം) പദ്ധതിയുടെ ഭാഗമായി അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് മുട്ടക്കോഴി വിതരണം, ന്യൂട്രീഷ്യൻ ഗാർഡൻ കിറ്റ് വിതരണം (രണ്ടാംഘട്ടം) നടത്തി. അങ്ങാടിപ്പുറം, വലമ്പൂർ നീർത്തട പ്രദേശങ്ങളിലെ ഗുണഭോക്താക്കൾക്കായി പതിനായിരത്തിലധികം മുട്ടക്കോഴികളാണ് വിതരണം ചെയ്യുന്നത്.

പുരയിടങ്ങളിൽ ന്യൂട്രീഷ്യൻ ഗാർഡൻ (ഔഷധത്തോട്ടം) സജ്ജമാക്കുന്നതിനാവശ്യമായ പത്ത് മൺചട്ടികൾ, പോട്ടിംഗ് മിശ്രിതം, പപ്പായ, അഗത്തിച്ചീര, മുരിങ്ങത്തൈ, കറിവേപ്പ്, തക്കാളി, വഴുതന തുടങ്ങിയ തൈകളും പച്ചക്കറിവിത്തുകളുമാണ് മുന്നൂറിലധികം അപേക്ഷകർക്ക് നൽകുന്നത്. പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അഡ്വ. എ. കെ. മുസ്തഫ വിതരണോദ്ഘാടനം നിർവഹിച്ചു. അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സയീദ, ബ്ലോക്ക് പഞ്ചായത്ത് മെംബർമാരായ വിൻസി അനിൽ, ദിലീപ്, ഗ്രാമപഞ്ചായത്ത് മെംബർമാർ, ഉദ്യോഗസ്ഥരായ ഗോപകുമാർ, ലിജിത് എന്നിവർ പങ്കെടുത്തു.

# ഇലെഡ്ജർ ആപ്ലിക്കേഷൻ ഈ സാമ്പത്തിക വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു

സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലെ തുക വിനിയോഗവുമായി ബന്ധപ്പെട്ടു ധനവകുപ്പ് നടപ്പാക്കിയ ഇലക്ട്രോണിക്സ് ലെഡ്ജർ അക്കൗണ്ട് മോണിറ്ററിങ് സിസ്റ്റം (ഇലെഡ്ജർ) 202324 സാമ്പത്തിക വർഷത്തേക്കു ദീർഘിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട് നേരത്തേ നൽകിയിട്ടുള്ള എല്ലാ മാർഗനിർദേശങ്ങളും ഈ സാമ്പത്തിക വർഷവും ബാധകമായിരിക്കുമെന്നും ഇതു സംബന്ധിച്ച ഉത്തരവിൽ പറയുന്നു. (ഉത്തരവ്. നം. (GO(P)No.8/2024/Fin, തീയതി 30/01/2024)

# ഫോട്ടോഫിനിഷ് 2കെ24' ഉദ്ഘാടനം ചെയ്തു

കോടഞ്ചേരി: കണ്ണോത്ത് സെൻറ് ആൻറണീസ് ഹൈസ്ക്കൂളിൽ എസ്എസ്എൽസി വിദ്യാർഥികൾക്കായി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന സമഗ്രവിദ്യാഭ്യാസ പരിശീലന പരിപാടി 'ഫോട്ടോഫിനിഷ് 2കെ 24' ജില്ലാ പഞ്ചായത്ത് മെമ്പർ ബോസ് ജേക്കബ് ഉദ്ഘാടനം ചെയ്തു.

എസ്എസ്എൽസി വിദ്യാർഥികൾക്കായി സ്കൂൾ സമയത്തിനു പുറമേ പ്രത്യേക പരിശീലനം നൽകി പരീക്ഷയ്ക്ക് സജ്ജരാക്കുകയാണ് ക്യാമ്പിൻറെ ലക്ഷ്യം. ഹെഡ്മാസ്റ്റർ റോഷിൻ മാത്യു, പിടിഎ പ്രസിഡൻറ് അഭിലാഷ് ജേക്കബ്, റ്റിസൺ ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.